# കണ്ണീരിൽ ഉറഞ്ഞുകൂടിയ വെണ്ണക്കല്ല്

ഡോ.എം. ലീലാവതി

കാലാഗ്നിയിൽ ഭസ്മമായി പോകാത്തവയും കാലപ്രവാഹത്തിൽ അലിഞ്ഞ് ഒഴുകിപ്പോകാത്തവയും കാലക്കൊടുങ്കാറ്റിലുടഞ്ഞു ചിതറിപ്പോവാത്തവയുമായ കാവ്യബിംബങ്ങൾ കണ്ണീർത്തുള്ളികൾകൊണ്ടും ചിരിത്തരികൾകൊണ്ടും വാർത്തെടുത്ത അക്കിത്തത്തിന്റെ മൗലികകവനപ്രകൃതിയാണ് കണ്ണീരിൽ ചിരിയുടെ ലാവണ്യമലിയിക്കലും ചിരിയിൽ കണ്ണീരിന്റെ പൊരികൾ ജ്വലിപ്പിക്കലും.'ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസ'ത്തിൽ ഈ ചിരിക്കും കണ്ണീരിനും അദ്ദേഹം കർമ്മസാക്ഷികളെത്തന്നെ സാക്ഷിയാക്കി – സൂര്യനെയും ചന്ദ്രനെയും. ഇവരിൽ ആരാണ് 'മുന്തിയ' കർമ്മസാക്ഷി? ഇങ്ങനെയൊരു ചോദ്യത്തിന് രാത്രിയിൽ എല്ലാം കാണുന്ന ചന്ദ്രൻതന്നെ മുന്നിൽ, മറ്റെയാൾ പകൽവെളിച്ചത്തിലാണല്ലോ കാണുന്നത് എന്ന മണ്ടൻ ഉത്തരം സാമാന്യബുദ്ധിയുള്ളവരാരും പറയാനിടയില്ല. സൂര്യപ്രകാശമാണ് ചന്ദ്രന്നു രാത്രിയിൽ കണ്ണുകൊടുക്കുന്നതെന്ന് ഇന്നത്തെ ഏതു സാധാരണനും അറിയാം. (ഒരു പരമാണു ശാസ്ത്രവിദഗ്ദ്ധൻ അണുശക്തിയിൽനിന്ന് വൈദ്യുതിയുത്പാദിപ്പിക്കേണ്ടതിന്റെ പ്രാധാന്യം സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ അതിനെതിരായ പരിസ്ഥിതിവാദികൾ ആ മണ്ടൻ ഉത്തരം പറഞ്ഞവരെപ്പോലെയാണെന്നു പ്രസംഗിക്കുന്നതു കേട്ടിട്ടുണ്ട് – പറഞ്ഞത് രാജാരാമണ്ണയായാലും തുലനം തികച്ചും അശാസ്ത്രീയമാണ്). സൂര്യചന്ദ്രന്മാരുടെ പ്രാധാന്യത്തിലുള്ള വ്യത്യാസം ഓർത്തു കൊണ്ടായാലുമല്ലെങ്കിലും അക്കിത്തത്തിന്റെ ബോധാബോധസാകല്യമായ ചേതസ്സിൽനിന്ന് കണ്ണീരിന്നും ചിരിക്കുമുള്ള അവതാരങ്ങളായി തേജഃപുഞ്ജങ്ങൾ രൂപം പൂണ്ടപ്പോൾ സൗരമണ്ഡലം കണ്ണീരിന്നും പുർണ്ണചന്ദ്രൻ ചിരിക്കും പ്രതീകങ്ങളായി ഭവിച്ചു. ഇത് കവിയുടെ അന്തഃസത്യത്തെയാണനാവരണം ചെയ്യുന്നത്. കണ്ണീരാണ് അക്കിത്തം കവിത വാർക്കാനുപയോഗിക്കുന്ന മുഖ്യവസ്തു. ഏതു വലിയ കവിയും ''രുദിതാനുസാരി''യാണ്. രോദനം പുറപ്പെട്ടതെവിടെനിന്നോ ആ ബിന്ദുവിലേക്ക് ചേതസ്സിന്റെയും ശരീരത്തിന്റെയും കാലുകൾ യൗഗപദ്യേന നീങ്ങുന്നവർ. കണ്ണീരുകൊണ്ടു കവിത വാർക്കുമ്പോൾ ചിലർ ചിരിയുടെ പൊരികൾ ചിതറിക്കുകയും ചെയ്യുന്നു. അവരുടെ ''കണ്ണുനീർക്കുത്തിൽ നേരമ്പോക്കിന്റെ വെള്ളിമീൻചാട്ടങ്ങൾ'' സ്വഭാവേന സംഭവിക്കുന്നു. അക്കിത്തം ആ പങ്കിലാണ്. കണ്ണീരും ചിരിയും

രണ്ടുതരമുണ്ട്. തനിക്കായി മാത്രമുള്ളവ; അന്യർക്കായി, അന്യരെച്ചൊല്ലിയുള്ളവ. ആദ്യത്തെ കൂട്ടരുടെ സ്വാത്മപരത പരിധികടന്നാൽ വിഷാദരോഗമാവും. രണ്ടാമത്തേതിന്ന് അതിരില്ല. സഹാനുഭൂതിയും കാരുണ്യവും എത്ര വളർന്നാലും പ്രപഞ്ചം പോലെയാണ്. അതിരില്ലാതെ വളരുന്നു. എത്ര വളർന്നാലും രോഗാവസ്ഥയാവില്ല. (ഈ തത്ത്വം മുൻനിർത്തിയാണ് അരിസ്റ്റോട്ടിലിന്റെ കഥാഴ്സസ് സിദ്ധാന്തത്തിൽ പ്രയുക്തമായ രൂപകം വൈദ്യശാസ്ത്രത്തിലെ വിരേചനത്തെ ആസ്പദമാക്കിയുള്ളതല്ല, മതാനുഷ്ഠാനത്തിലെ വിമലീകരണത്തെ – ു്വലഹശഴശീ രമവേമൃശെ– ആസ്പദമാക്കിയുള്ളതാണെന്ന് ചിലർ വാദിക്കുന്നത്)

‘‘ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം
ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർക്കായ്ച്ചെലവാക്കവേ
ഹൃദയത്തിലുലാവുന്നൂ നിത്യനിർമലപൗർണമി’’

എന്ന് പശ്ചാത്താപ ഭരിതനായി കുറ്റമേറ്റു പറയുന്ന ഒരു കഥാപാത്രത്തെ സൃഷ്ടിച്ചപ്പോൾ സ്വന്തം രൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചവനെന്നു വിശേഷിപ്പിക്കാറുള്ള ഈശ്വരനെത്തന്നെയാണദ്ദേഹം അനുകരിച്ചത്. കവിയുടെ സ്വന്തം രൂപത്തിൽ പിറക്കുന്ന മാനസപുത്രനാണ് കഥാപാത്രം. തീസിസും ആന്റിതീസിസും സിന്തസിസും ആസ്പദമാക്കിയുള്ള പ്രത്യയശാസ്ത്രത്തിന്റെ വക്താവെന്ന നിലയ്ക്ക് കഥാപാത്രത്തിന്റെ ബാഹ്യരൂപത്തിന്ന് ഒരു പാർട്ടിയുടെ നേതാവിന്റെ ഛായയും നല്കി. അങ്ങിനെ കഥാപാത്രം പുറമേക്ക് പാർട്ടിനേതാവും അകമേ താൻതന്നെയുമായ ഒരു മിശ്രസത്തയായി. നേതാവിന്റെ പദത്തിൽ താനായിരുന്നെങ്കിൽ ചെയ്യുമായിരുന്നതാണ് കഥാപാത്രത്തിന്റെ ചെയ്തിയായി കവി വിഭാവനം ചെയ്തത്. പാർട്ടിനേതാക്കൾക്കു തെറ്റുപറ്റാമെന്നും പശ്ചാത്താപമുണ്ടാവാമെന്നും കുമ്പസാരിക്കാൻ തയ്യാറാവുമെന്നും സ്വന്തം നയവൈകല്യങ്ങൾമൂലം ഒടുങ്ങേണ്ടിവന്നവർക്കായി അയാൾ കണ്ണീരൊഴുക്കുമെന്നും മറ്റും അംഗീകരിക്കപ്പെടാത്ത കാലത്ത് അതൊക്കെ അയാളെക്കൊണ്ടു ചെയ്യിച്ചത് കഥാപാത്രം സ്വന്തം മാനസപുത്രനായതുകൊണ്ടാണ്. അയാൾ താൻമൂലം തപിക്കയും ദഹിക്കയും ചെയ്ത അന്യരെയോർത്തുകരയുന്നു. വിശുദ്ധമായ പശ്ചാത്താപാശ്രു അന്തരാത്മാവിൽ കനം തൂങ്ങുന്ന പാപഭാരത്തെ അലിയിച്ചൊഴുക്കിക്കളയുമെന്നുള്ള വിശ്വാസത്തിന്റെ ആശ്വാസവും കവി കഥാപാത്രത്തിന്നു നല്കി. കഥാപാത്രത്തിൽ തങ്ങളെത്തന്നെ കണ്ട കക്ഷിക്കാർ കുറ്റബോധവും കുമ്പസാരവും കണ്ണീരും തങ്ങൾക്കില്ലാത്തതും

വേണ്ടാത്തതുമായിക്കരുതി. കുറ്റബോധമില്ലാത്ത തങ്ങളെക്കൊണ്ട് കുമ്പസാരിപ്പിക്കുന്നത് അപഹാസ്യവും അപമാനവുമായിക്കാണുന്ന അവർ ആ അപരാധത്തിന്നു മാപ്പുകൊടുക്കാതിരുന്നാൽ അതിലത്ഭുതത്തിന്നവകാശമില്ല. വൈരുദ്ധ്യവുമില്ല.

കവി കഥാപാത്രത്തിലൂടെ സ്വന്തം അന്തഃസത്യമാണ് പുറത്തെടുത്തുവെച്ചത്. തന്റെ കണ്ണീരിന്നും ചിരിക്കും കവി വാക്കുകളുടെ സൂര്യചന്ദ്രന്മാരെ സാക്ഷിയാക്കി. താൻ സവിതാവായും പ്രചോദനദാതാവായും എന്നെന്നും ആരാധിച്ചുപോന്ന കാവ്യഗായത്രീസത്ത അന്യർക്കായിപ്പൊഴിക്കുന്ന കണ്ണീരായതുകൊണ്ടുതന്നെയാണ് അതിന്നുള്ള തേജോബിംബം ‘സൗരമണ്ഡല’ മായത്.

‘ഇതിഹാസകാവ്യ’ത്തിൽ ഉതിർന്നുവീണ കണ്ണുനീർത്തുള്ളികൾ ചോരത്തുള്ളികൾ തന്നെയാണ്. കണ്ണിൽനിന്നു ചോര പൊടിയിക്കുന്ന ദാരുണദൃശ്യങ്ങളാണവയിലുള്ളത്. കരിയിന്മേൽക്കൂന്നുനിന്നു നീങ്ങുന്ന താന്തകർഷകന്റെ നെടുവീർപ്പുകളെ നെല്ലോലകളായും അവന്റെ കണ്ണിലൂറിയ രക്തകണങ്ങളെ നെല്ക്കതിരുകളായും കണ്ട കവി അവ അനുഭവിക്കുന്നത് അവനല്ല എന്നറിയുന്ന നാളിലാണ് കരളിലെ അമ്പിളി കെടുന്നതും സൂര്യക്കണ്ണീർ അരുണകണങ്ങളായി ഊറുന്നതും. ‘‘അയഃപൂർണഭീമാവയവരൂപി’’ കളായ അസുരന്മാർ അവരുടെ ചക്രപ്പല്ലുകലിൽ തൊഴിലാലകളിലെ മനുഷ്യത്തൊഴിലാളികളെ കോർക്കുന്നു. അങ്ങനെ നിർമ്മിച്ചെടുക്കുന്ന വസ്ത്രങ്ങൾകൊണ്ട് തണുപ്പാറ്റുന്നതവരല്ല. അതറിയുന്ന നാളിൽ ജീവിതം കാളരാവാകുന്നു. അറിവും പഠിപ്പും പണവും ഉള്ള യുവാക്കൾ ശാലീനകളായ നാട്ടുപെൺകിടാങ്ങളെ പൂവിനെപ്പോലെ മുകർന്നു പിന്നെ കശക്കിയെറിയുന്നു. നിരത്തിൽ ചത്തുകിടക്കുന്ന പെണ്ണിന്റെ കണ്ണ് കാക്കകൊത്തിവലിക്കുന്നു. അവളുടെ മുല ‘നരവർഗനവാതിഥി’ ചപ്പിവലിക്കുന്നു. പെണ്ണ് അനാഥയാവാനും കുഞ്ഞ് തന്തയില്ലാത്തവനാവാനും ഹേതുവായി പ്രതിക്കൂട്ടിൽ നില്ക്കുന്നത് സമ്പന്നതരുണവർഗമാണ്. (നാട്ടിലൊട്ടാകെ പടർന്നുപിടിച്ച ഒരു ക്ഷാമകാലത്തിന്റെ രൂക്ഷത ധ്വനിപ്പിക്കാനല്ല ഈ ചിത്രം വരഞ്ഞിരിക്കുന്നത്. എൻ.വി.യുടെ ‘എലികളെ’ന്ന കവിതയിൽ ചിത്രിതമായ ഊഷ്മളതയുടെ ഹേതുക്കളിൽ നിന്നു വ്യത്യസ്തമാണ് ഇതിലെ കാരകഹേതുക്കൾ) ഈ അനാഥക്കുഞ്ഞ് ധനികതരുണന്റെ സന്തതിയാണെന്നു വ്യക്തമാക്കുന്നവയാണ് തരുണസമൂഹവിഹാരചിത്രങ്ങൾ. കണ്ണുകൊത്തിവലിയ്ക്കുന്ന കാക്ക ചൂഷണം (കൊത്തിവലിച്ചെടുത്തു ഭുജിക്കൽ) വർഗസ്വഭാവമായ സമ്പന്നരുടെ പ്രതീകംതന്നെ. ഈ ഭീകരദൃശ്യം വരഞ്ഞ കവി ഏഴു ജന്മം കഴിഞ്ഞാലും ഇവരുടെ വർഗവുമായി ഏകീഭവിക്കാനിച്ഛിക്കയില്ല. മലയാളകവിതയിലെ ഏറ്റവും രൂക്ഷവും

കഠോരവുമായ ഉപരിവർഗവിമർശനമാണ് ഈ കാവ്യബിംബം. ഇതെഴുതിയ കവിയെ പതിതവർഗശത്രുവാക്കിമാറ്റാൻ ഈശ്വരനുപോലും കഴിയില്ല. ഇനി ഉപരിവർഗ്ഗതരുണീസമൂഹത്തെ പ്രതിക്കൂട്ടിൽ നിർത്തുന്ന മറ്റൊരു ദൃശ്യം. ''കുങ്കുമം വാരി വീശുന്ന'' എന്നു തുടങ്ങുന്നതുമുതൽക്കുള്ള പതിനേഴ് പദ്യങ്ങളിൽ ''ചിത്ത സന്നിപാതിർത്തി'' പിടിപെട്ട മധുരപ്പതിനേഴുകാരികൾക്കുള്ള സ്വച്ഛന്ദചാരിതയുടെ പേക്കൂത്തു വർണിക്കുന്നു. വികാരനിയന്ത്രണമില്ലാത്ത കുത്തഴിഞ്ഞ ലൈംഗികജീവിതം. അപ്രതീക്ഷിതവും അനാശാസ്യവുമായ ഭ്രൂണങ്ങളുടെ വളർച്ച. അവിഹിതബന്ധസന്തതികളുടെ പിറവി.

''അരിവെപ്പോന്റെ തീയിൽ ചെന്നീയാംപാറ്റ പതിക്കയാൽ പിറ്റേന്നിടവഴിക്കുണ്ടിൽ കാണ്മൂ ശിശുശവങ്ങളെ'' എന്ന പ്രഹേളികാസമമായ, കാവ്യബിംബത്തിന്റെ ധ്വനി സമ്പന്നതരുണികളുടെ കാമകേളികൾ ഭ്രൂണഹത്യയിലും ശിശുഹത്യയിലും ചെന്നെത്തുന്നതാണ്. ഉപരിവർഗതരുണസമൂഹത്തിന്റെ സൃഷ്ടികളെങ്കിലും പിറക്കാനോ പിറന്നാൽ വളരാനോ ഉള്ള അവകാശം നിഷേധിക്കപ്പെടുന്ന പിഞ്ചുകുഞ്ഞിക്കാതുകളിലാണ് കവി മന്ത്രിക്കുന്നത്; ''വെളിച്ചം ദുഃഖമാണുണ്ണീ! തമസ്സല്ലോ സുഖപ്രദം'' എന്ന്, പിറവിയിലേ കുഞ്ഞുങ്ങൾ വാടിവീഴുന്നതിന്ന് അധഃസ്ഥവർഗ്ഗത്തിൽ 'ഇല്ലായ്മ' കളാണ് ഹേതു – ഭൗതികമായ ഇല്ലായ്മകൾ. മാനസികമായ, വൈകാരികമായ, ഊഷരതകൾ, അലിവില്ലായ്മകൾ, ആണ് സമാനവിധി ഉന്നതവർഗത്തിലെ ഭോഗൈകനിരതരുടെ ഉണ്ണികൾക്കും ഉളവാക്കുന്നത്. മലയാളത്തിൽ ഏറ്റവുമധികം ഉദ്ധരിക്കപ്പെട്ടു പോന്നിട്ടുള്ള ആധുനിക കവിവാക്യം ''വെളിച്ചം ദുഃഖമാണുണ്ണീ!'' എന്നതാണെന്നു തോന്നുന്നു. അതു മന്ത്രിക്കപ്പെട്ടിരിക്കുന്നത് രാജകീയവർഗത്തിൽ പിറന്നു പരിത്യക്തനായ ഒരു നവയുഗകർണന്റെ കാതിലാണ്. ഈ കർണൻ വെളിച്ചം കാണാനിടയാകാതെ പരിത്യക്തനാകുന്നുവെന്നതു വ്യതിരേകം. ഭാരതേതിഹാസകഥാപാത്രത്തെപ്പോലെ ഈ ഉണ്ണിയും ദേശകാലാതിവർത്തിയായി ഭവിക്കുന്നു. നമ്മുടെ നാട്ടിലെ ഉപരിവർഗ്ഗത്തിന്റെ ചൂഷണനിരതവും കുത്തഴിഞ്ഞതുമായ ജീവിതത്തിന്റെ രക്തസാക്ഷികളാണ് ചത്തപെണ്ണിന്റെ മാറിലും ഇടവഴിക്കുണ്ടിലും കിടക്കുന്ന രണ്ടു കുഞ്ഞുങ്ങളും. രൂക്ഷമായ ഉപരിവർഗ്ഗവിമർശനത്തെ അപ്രകാരം കാണാതെ, എലിയറ്റിന്റെ ഊഷരഭൂമിയോടും മറ്റും തുലനം ചെയ്ത് കാവ്യത്തിലെ 'ആധുനികതാംശത്തിന്റെ ഗാംഭീര്യം സ്ഥാപിക്കുന്ന നിരൂപണങ്ങൾ വിരചിച്ചു വിരമിക്കുന്നതു പോഴത്തമാണ്.

ഈ നരകദൃശ്യങ്ങൾ മനുഷ്യനെ പിശാചാക്കി മാറ്റാൻ പോന്നവയാണ്. അങ്ങനെ

പിശാചായിമാറിപ്പോയ കാലത്ത് മറ്റൊരു ആത്യന്തികതയിലേക്കെത്തിപ്പെടുന്നു. ഇളന്നീര് പേനാക്കത്തികൊണ്ടു തുരക്കുംപോലെ മനുഷ്യത്വക്കനി ചെത്തിത്തുരക്കുന്നതും മനുഷ്യത്വത്തിന്റെ കഴമ്പുകൾ ചുരണ്ടിക്കളയുന്നതുമായ ആത്യന്തികത. 'കഴമ്പുകൾ' മൃദുലവികാരങ്ങളും സ്വാതന്ത്ര്യബോധവും മറ്റുമാണ്. ഒരു ഉറച്ച മാർക്സിസ്റ്റിന്ന് മൃദുലവികാരങ്ങളും വ്യക്തിസ്വാതന്ത്ര്യബോധവും മറ്റും അന്യമായി അന്ന് ഗണിക്കപ്പെട്ടിരുന്നു. (ഇന്ന് കടും പിടുത്തങ്ങൾ കുറഞ്ഞിരിക്കാം. എന്നാലും എതിർവർഗത്തിൽപ്പെട്ടവർ, കുഞ്ഞുങ്ങളായാൽപ്പോലും, അവരോടു കനിഞ്ഞാലതു വർഗവഞ്ചനയാണെന്ന വീക്ഷണത്തിന്നു വേരറ്റിട്ടില്ല. തൊഴിലാളിവർഗത്തിന്റെ വിദേശീയഭരണകൂടം ഓടിച്ച ടാങ്കുകൾക്കടിയിൽപ്പെട്ട് കുമാരന്മാർ ചതഞ്ഞരഞ്ഞ സംഭവം കുറച്ചുകൊല്ലങ്ങൾക്കുമുമ്പ് ഒരു ജൂൺനാലിന്ന് അരങ്ങേറി. ഒരു പ്രസവത്തിലേറെ അനുവദിക്കപ്പെട്ടിട്ടില്ലാത്ത അമ്മമാരുടെ ആ നാട്ടിൽ ചതഞ്ഞരഞ്ഞ കുമാരന്മാരിൽ ചിലരെങ്കിലും ഏകപുത്രകളായ അമ്മമാരുടെ മക്കളായിരിക്കാം. ആ അമ്മമാരെ ഓർത്തു വിതുമ്പിയതുകണ്ടപ്പോൾ നമ്മുടെ നാട്ടിലെ ഒരു കക്ഷിവക്താവ് പറയുകയുണ്ടായി, മഹത്തായ പ്രസ്ഥാനത്തിന്ന് അമ്മമാരുടെ കണ്ണുനീർ പ്രശ്നമല്ല എന്ന്.) ബൂർഷ്വാ, പെറ്റിബൂർഷ്വാ എന്നീ പേരുകളിൽ അറിയേണ്ടുന്ന വിഭാഗത്തിൽപ്പെടുത്തപ്പെട്ടവർക്ക് ഹൃദയമോ, ബുദ്ധിയോ, ത്യാഗവാഞ്ഛയോ ഇല്ല എന്നും

''അവരോടവർതൻ ചാർച്ചക്കാർതൻ കുഞ്ഞുങ്ങളോടുമേ
കനിഞ്ഞാലതിലും മേലെയില്ലല്ലോ വർഗവഞ്ചന''.

എന്നും പിശാചായി മാറിയ 'നേതാവ്' വിശ്വസിച്ചു. ഇതുപറയുമ്പോൾ വക്താവിന്റെ സ്വരത്തിൽ ഈ പ്രമാണത്തിന്നെതിരെയുള്ള പരിഹാസം ധ്വനിക്കുന്നുണ്ട്. പ്രമാണത്തിൽ ഉത്തമവിശ്വാസമുണ്ടായിരുന്ന കാലത്തല്ല വിശ്വാസം നഷ്ടപ്പെട്ടതിന്നുശേഷമാണ് വിവരണം സംഭവിക്കുന്നത്. വക്താവായ നേതാവും ശിഷ്യരായ പരമാർത്ഥികളും ആശയപ്രചാരണകൃത്യം നിർവഹിക്കുന്ന പാർട്ടിവക്താക്കളാണ്; കർഷകത്തൊഴിലാളികളോ ഫാക്ടറി തൊഴിലാളികളോ അല്ല. അതിനാൽ ഈ കാവ്യത്തിൽ തൊഴിലാളിവർഗം പരിഹസിക്കപ്പെട്ടിരിക്കുന്നുവെന്ന ആരോപണത്തിന്ന് കാവ്യത്തിന്നുള്ളിൽ തെളിവുകളില്ല. നേതാക്കളും പ്രമാണപ്രചാരകരും പരിഹാസവിധേയരായിട്ടുണ്ട്. പരിഹാസത്തിലെ ചില വിശേഷണങ്ങൾ (കാക്കിക്കാലുറയിൽ കൈത്തോക്ക്; യൂറോപ്യൻ മദ്യശാലയിൽ കുടിച്ച് ആടിപ്പാടി നടക്കൽ, അരഞ്ഞുതേയും പല്ലിന്റെ തൊണ്ണിലെല്ലാം കൊഴുന്നനെ തെറിസ്സഞ്ചി;

അരിപ്പല്ലുകളിൽ പൊത്തിനിന്നീടും വെറ്റിലക്കറ) അവർ അർഹിച്ചിരുന്നില്ലെന്ന് ഭൂരിപക്ഷത്തെ മുൻനിർത്തി, അവരുടെ എതിരാളികൾപോലും പറഞ്ഞേക്കാം. ഈ വിശേഷണങ്ങൾ ചേരുന്ന ചിലരും കൂട്ടത്തിൽ ഉണ്ടായിരുന്നിരിക്കാമെന്നുമോർക്കണം.
'പാടുന്ന പിശാചിൽ' ചങ്ങമ്പുഴ കമ്യൂണിസ്റ്റുകാരെ പരിഹസിച്ചതിന്നു തുല്യമായി അതു വീക്ഷിക്കപ്പെട്ടു. (ചങ്ങമ്പുഴ പരിഹസിച്ചതും പ്രത്യയശാസ്ത്രത്തെയോ തൊഴിലാളിവർഗ്ഗത്തേയോ അല്ല. റഷ്യയിൽ മഴപെയ്താൽ ഇവിടെ കുടപിടിക്കുന്ന വിശ്വാസാന്ധതാജന്യമായ അനുകരണങ്ങളെയാണ്; 'സ്റ്റാലിന്റെ മീശ താൻ മീശ' യെന്നു ജല്പിക്കുന്ന വിഭാഗത്തിന്റെ അന്ധാരാധനകളെയാണ്.) പ്രമാണപ്രചാരകരുടെ ഭൂരിപക്ഷത്തിന്നിണങ്ങാത്ത വിശേഷണങ്ങൾ ഒഴിവാക്കുന്നതുതന്നെയാണ് ഔചിത്യം. എങ്കിലും പരിഹാസശരവ്യമായത് പതിതമർദ്ദിതവർഗമോ തൊഴിലാളിവർഗമോ അല്ല എന്ന വസ്തുത അവഗണിച്ചുകൂടാ. വിമർശിച്ചത്, അവരെ ഒളിവിലിരുന്നു നയിച്ച് ദുരന്തച്ചൂളയിലേക്കെറിഞ്ഞ നേതാരംമന്യരെയാണ്. 'നരക' മെന്ന ഖണ്ഡത്തിൽ ഉപരിവർഗത്തോടുള്ള വെറുപ്പ് എത്ര തീവ്രമാണെന്ന് ധ്വനിപ്പിക്കുന്നതിനാൽ, വക്താവ് അവരിലൊരുവനായി മാറി എന്നു കുറ്റപ്പെടുത്താനുള്ള പഴുതില്ലതന്നെ.

''ഊതിയാൽ വീഴുമിന്നത്തെ ന്യായപീഠങ്ങളൊക്കെയും
കാലം വന്നു വിളിക്കുന്നൂ കൺതുറന്നെഴുനേല്ക്കുവിൻ!
ചരിത്രം നമ്മെയേൽപിച്ചതേറ്റെടുത്തു നടത്തുവിൻ!
വാരിക്കുന്തങ്ങളെക്കൊണ്ടീ രാജ്യം വെട്ടിപ്പിടിക്കുവിൻ!''

എന്നും മറ്റും ആഹ്വാനം ചെയ്ത് നിഷ്ഠൂരഭരണാധികാരികളുടെ മെഷീൻ ഗണ്ണുകൾക്കുനേരെ, വിശ്വസിച്ച് പിൻചെന്ന അണികളെ അടരാടാനയച്ചത് പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ സംഭവിച്ച ഒരു പിഴവാണ് എന്ന് കാവ്യത്തിലെ നേതാവിന്നു ബോധ്യപ്പെടുന്നു. തന്റെ വാക്കു പരമസത്യമാണെന്നു വിശ്വസിച്ച് പടവെട്ടി ദീനദീനം മരിച്ച യുവധീരരെ ഓർക്കുമ്പോഴുള്ള അപരാധബോധത്തിന്റെ അന്തരഗ്നിയിൽ ദഹിക്കുന്ന അന്തരംഗത്തോടുകൂടിയ ഒരു നേതാവിനെയാണ് കവി സൃഷ്ടിച്ചത്. രക്തസാക്ഷികളെക്കൊണ്ടുമാത്രമേ പ്രസ്ഥാനം ശക്തിപ്പെടൂ എന്നു കണക്കുകൂട്ടുന്നവർക്ക് അപരാധബോധമോ പശ്ചാത്താപമോ തോന്നാനിടയില്ല. വസ്തുസത്യത്തിന്നും കവിഭാവനയ്ക്കും തമ്മിലുള്ള ചേർച്ചക്കേടാണ് അവർക്ക് കവിയെ പന്തിരിപ്പനെന്നു ഭർത്സിക്കാൻ പ്രചോദനമരുളുന്നത്. ഈ ചേർച്ചക്കേടിൽ ''നെഞ്ചുകീറി നേരിനെക്കാട്ടുന്നവർ'' ആരാണ്? കവിയോ? ചരിത്രത്തിലെ നേതാവോ? രണ്ടുവീക്ഷണമനുസരിച്ച് വിരുദ്ധമായ ഉത്തരങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കും.

ഒരന്തിമവചസ്സ് ഉച്ചരിക്കാനാർക്കാണ് അർഹത? സാഹിത്യകൃതി വ്യംഗ്യമായും വാച്യമായും ഉന്നയിക്കുന്ന ജീവിതവീക്ഷണം കൃതിയുടെ ഘടകങ്ങളെക്കൊണ്ട് എത്രത്തോളം ഹൃദയസ്പർശിയാക്കിത്തീർക്കാൻ കഴിഞ്ഞിട്ടുണ്ടെന്നതുമാത്രമേ സാഹിത്യകൃതിയുടെ മൂല്യവിചിന്തനത്തിൽ പ്രസക്തമാവൂ.

''നിരുപാധികമാം സ്നേഹം ബലമായിവരും ക്രമാൽ''

എന്ന വെളിപാട് പശ്ചാത്താപദഗ്ദ്ധചേതസ്സിന്നുണ്ടായപ്പോൾ,

''വെളിച്ചം ദുഃഖമാണുണ്ണീ''

എന്ന് ആക്രോശിക്കാൻ പേരിപ്പിച്ച നരകവിധാതാക്കളോട് നിരുപാധിക സ്നേഹതത്വോപദേശം എത്രത്തോളം വിജയിക്കും എന്ന ചിന്ത താത്കാലികമായി പിന്തള്ളപ്പെടുന്നു. അധർമ്മത്തിന്റെ അഭ്യുത്ഥാനമുണ്ടാവുമ്പോൾ ധർമ്മയുദ്ധത്തേക്കാൾ ശ്രേയസ്കരമായി മറ്റൊന്നുമില്ലെന്ന തത്ത്വം പ്രസക്തം തന്നെയെന്ന് കാവ്യത്തിലെ വക്താവ് അംഗീകരിക്കും. അതിനാൽ, അനുശയത്തിന്റെ അടിസ്ഥാനം താൻ യുദ്ധം ചെയ്യുന്നതിന്നുപകരം അന്യരെക്കൊണ്ട് യുദ്ധം ചെയ്യിച്ച് അവരെ കൊലയ്ക്കുകൊടുത്തുവെന്നായിത്തീരുന്നു. ഇത് അനുശയക്ലാന്തതയെ കാവ്യത്തിലെ അംഗിഭാവമായി നിബന്ധിക്കാൻ സുശക്തമായ പ്രേരണയാവുന്നു. അനുശയത്തിലുള്ള ആത്മാർത്ഥതയും സത്യസന്ധതയും കൃതിയെ അവയുടെ ഹൃദയസ്പന്ദനമാക്കുന്നു. അനുശയപീഡിതമായ അന്തരംഗത്തിൽ, ''ആമാശയത്തിലകപ്പെട്ട സൂചിപോലെ'' പുലർന്ന ആ കണ്ണുനീർ ആരെച്ചൊല്ലി ഉതിർന്നതാണ്? ഉന്നതവർഗ്ഗത്തെയോ ആയുധബലത്തിന്റെ മുഷ്ക്കുള്ള അധികാരിവർഗമായ ''വേടനെ''യോ ഓർത്തുപൊഴിഞ്ഞതാണോ? അങ്ങനെയാണെന്ന് ആർക്കു പറയാനാവും? ''ബയണറ്റിന്റെ തുമ്പത്തു തൂങ്ങി നിന്നു പിടച്ച''വരെച്ചൊല്ലിയാണ്. ഇവർ വർഗശത്രുക്കളല്ല. പീഡിതവർഗാംഗങ്ങളാണ്. സ്വന്തം കക്ഷിയിലെ അണികളെ കുരുതികൊടുത്തിട്ടായാലും പ്രസ്ഥാനം വളരണമെന്നു വിശ്വസിക്കുന്നവർക്ക് എതിർവർഗത്തിലെ അംഗങ്ങളോടുള്ള മനോഭാവം എന്തായിരിക്കും?

''അവർക്കുണ്ടായിരുന്നിട്ടില്ലുണ്ടാവില്ലിനി മേലിലും
ഇന്നുമില്ലാ ഹൃദയമോ ബുദ്ധിയോ ശിലയാണവർ''

എന്നുതുടങ്ങി, ''അവരോടവർ തൻ ചാർച്ചക്കാർ തൻ കുഞ്ഞുങ്ങളോടുമേ കനിഞ്ഞാലതിലും മേലെയില്ലല്ലോ വർഗവഞ്ചന'' എന്ന് വരെയുള്ള കാവ്യഭാഗത്ത് ആ മനോഭാവത്തെ അക്കിത്തം രൂക്ഷമായിത്തന്നെ വിമർശിക്കയും പരിഹസിക്കയും ചെയ്തു. അവർക്കുവേണ്ടി ചൊരിഞ്ഞ കണ്ണുനീർ നിന്ദ്യവും നിഷിദ്ധവുമെന്നു

കക്ഷിക്കാർ പ്രതികരിക്കുന്നത് അനുശയം പ്രസക്തമേയല്ലെന്ന മൂഢവിശ്വാസം മൂലമാണ്. കവി നിർമ്മിച്ച നേതാവ് നിലവിലുള്ള ജീവത്തായ മാതൃകകളെയല്ല ആസ്പദമാക്കുന്നത്. ആ സ്ഥാനത്തു താനായിരുന്നെങ്കിൽ തനിക്കുണ്ടാകുമായിരുന്ന പ്രതികരണമാണ് കവി വിഭാവനം ചെയ്യുന്നത്. കവി സങ്കല്പിക്കുന്ന ഒരു വ്യക്തിയിലേക്ക് കവിസ്വത്വം പുരഃക്ഷിപ്തമാവുമ്പോൾ ഉണ്ടാവുന്ന ഒരു മിശ്രസത്തയാണ് കഥാപാത്രം എന്ന് വീണ്ടും ഉറപ്പിക്കട്ടെ. ഒരു കണ്ണീർക്കണം ''മറ്റുള്ളവർക്കായി'' പൊഴിക്കുമ്പോൾ അന്തരാത്മാവിൽ സൗരതേജസ്സിന്റെ ഉദയം അറിയുന്ന കവി ''മറ്റുള്ളവർ'' എന്നു മാത്രം പറയുന്നു. അവിടെ സ്വന്തം അന്യം എന്ന വർഗവിവേചനമില്ല. വർഗാതീതമായി മനുഷ്യത്വത്തിന്റേതായ കാഴ്ചപ്പാടിൽ വിശ്വസിക്കാത്തവർക്ക് ഇതൊരു കപട പ്രഖ്യാപനമായിത്തോന്നും. ''തീവ്രമായിച്ഛിപ്പതു പരകാര്യത്തിന്നെങ്കിൽക്കൈവരാതൊരാളില്ല'' എന്നു വസിഷ്ഠനെക്കൊണ്ട് ഉച്ചരിപ്പിക്കുമ്പോൾ '(വിശ്വാമിത്രൻ') ബാലാമണിയമ്മയും 'പര'ശബ്ദത്തിൽ വർഗവിവേചനം സങ്കല്പിക്കുന്നില്ല. ''നിരൂപാധികമാം സ്നേഹം ബലമായി വരും'' എന്ന വിശ്വാസത്തിന്റെ കുളുർമ്മയിൽ ഇവർ ആശ്വാസം തേടുന്നു. ആത്മബലിസന്നദ്ധത കൂടാതെ 'പരബലി'യും 'നരബലി'യും നടത്തുന്ന പാപത്തിന്റെ പ്രായശ്ചിത്താനുഷ്ഠാനമാണ് 'ഇതിഹാസ' ത്തിലെ നേതാവിന്റെ പശ്ചാത്താപത്തിൽ കവി വിഭാവനം ചെയ്തത്. അക്കിത്തത്തിന്റെ 'ബലിദർശന' സ്വഭാവമപ്രകാരമാണ്. സ്വർഗകാമത്തോടെ ചെയ്യുന്ന യജ്ഞത്തെ ഗീതയിൽ ഭർത്സിക്കുംപോലെ (2–42,43,44) രക്തസാക്ഷികളെ 'ഉപയുക്ത' മാക്കുന്നതിനെ കവി ഭർത്സിക്കുന്നു. രക്തസാക്ഷികൾ പ്രസ്ഥാനത്തിന്നൂക്കുകൂട്ടുമെന്ന നേട്ടം മാത്രം കാണാനുള്ള നേത്രങ്ങൾ നേതാക്കൾക്കു തുറന്നു കിട്ടുമായിരിക്കാം–ജീവൻ നഷ്ടപ്പെടാത്ത അനുയായികൾക്കും. മാറിനിന്നു നിരീക്ഷിക്കുന്ന ഒരു മനുഷ്യസ്നേഹിക്കാകട്ടെ നിരപരാധികൾ കുരുതി കൊടുക്കപ്പെട്ടുവെന്നതിൽ യാതൊരാശ്വാസത്തിന്നും വകയില്ല. ദുരന്തങ്ങളാവർത്തിക്കരുതെന്ന ശിവതൃഷ്ണയാണ് പശ്ചാത്തപിക്കുന്ന നേതാവിന്ന് കവിതയിൽ ജന്മം നല്കാനും ''നിരുപാധികമാം സ്നേഹം ബലമായി വരും ക്രമാൽ'' എന്ന കാല്പനികഭാവനയിലഭയം തേടാനും മനീഷികൾക്കു പ്രേരണയായിത്തീരുന്നത്. പതിതവർഗശത്രുവെന്ന രൂപാന്തരപ്രാപ്തി സംഭവിക്കുന്നതേയില്ല. മർദ്ദിതർ ചതഞ്ഞരഞ്ഞടിയരുതെന്ന ഉത്കണ്ഠയാൽ അവർക്കു വന്നുചേരുന്ന ദുരന്തങ്ങൾ കവിയുടെ കണ്ണിൽ 'നരകദൃശ്യ' ദുരന്തങ്ങളെന്നപോലെ രക്തമാണിക്യക്കണ്ണീരുറവയായിത്തീരുന്നു.

ഈ കണ്ണീരിന്ന് ശൈശവത്തിലേ ഉറവപൊട്ടിയിരുന്നുവെന്ന് തമ്പുരാൻകുട്ടി, ആശാരിക്കുട്ടികൾ (പഞ്ചവർണ്ണക്കിളികൾ) മുതലായ പഴയ കവിതകൾ ധ്വനിപ്പിക്കുന്നു. 'തമ്പുരാൻകുട്ടി' യെന്ന വിളി കത്തിക്കുത്തുപോലെ ശിശുമനസ്സിൽ പതിച്ചു. കാരണമിതാണ്:

''കേളുവിനെക്കുടിയിറക്കണം ചാള തീയിലെരിക്കണം
തൊട്ടുകൂടാ കരിത്തലപ്പു നീ നട്ടുകൂടാ നീയൊന്നുമേ....''

ഇതൊക്കെയാണ് തമ്പുരാൻകുട്ടിയുടെ കരണീയമെന്നറിഞ്ഞപ്പോഴാണ് അവന്റെ കരളിലമ്പിളികെട്ടത്. ജന്മിവർഗസ്വഭാവത്തിന്റെ ക്രൂരതകളോർത്ത് കുട്ടിക്കണ്ണിൽ നീരുറന്നു. ഉറക്കത്തിൽപ്പോലും ഈ ഓർമ്മ പീഡകമായി ഞെട്ടിയുണർന്നു കരഞ്ഞു. വർഗപാപത്തിൽനിന്നു രക്ഷതേടുവാൻ നാടുവിട്ടു കാടുപൂകി പന്തീരാണ്ടു തപം ചെയ്തുവെന്നും ഒരു നാൾ ഒരു അക്ഷയപ്രഭാമണ്ഡലം അക്ഷിഗോചരമായെന്നും അതിൻ നടുക്ക് കൃഷ്ണനും രാധയും തെളിഞ്ഞുവെന്നും, ഇതാരെന്നു രാധചോദിക്കെ, 'തമ്പുരാൻകുട്ടി' യെന്നു കൃഷ്ണൻ പറഞ്ഞപ്പോൾ 'നില്ലവിടെച്ചിലച്ചിടാതെ നിന്നെല്ലിടിച്ചു പൊടിക്കും ഞാൻ' എന്നു പൊട്ടിത്തെറിച്ചുവെന്നും അന്ന് വിഭാവനം ചെയ്യുകയുണ്ടായി. ചൂഷകസന്തതിയായി തന്നെ കാണുന്നത് ഈശ്വരനാണെങ്കിൽ ആ ഈശ്വരന്റെ ''എല്ലിടിച്ചു പൊടിക്കും'' എന്ന് അക്കിത്തം ആക്രോശിക്കുന്നതും, 'വിത്തനാഥന്റെ ബേബിക്കുപാലും നിർധനച്ചെറുക്കന്ന് ഉമിനീരും' വിധിച്ചത് ഈശ്വരനാണെങ്കിൽ ആ ഈശ്വരനെ ചവിട്ടണമെന്ന് ചങ്ങമ്പുഴ ആക്രോശിച്ചതും ഒരേ വകുപ്പിൽപ്പെട്ട ആന്തരഭൂകമ്പമാണ്. അടിയാളരെ ചൂഷണം ചെയ്യുന്ന ''ജന്മിത്തമ്പുരാൻകുട്ടി'' യെന്ന വിളി പൊറുക്കാത്ത കവി നീതവർഗത്തെ കുരുതികൊടുത്ത നേതാവെന്ന വിളികേൾക്കുമ്പോൾ വേദനകൊണ്ടു പുളയുന്ന വിപ്ലവനേതാവിനെയല്ലാതെ

''എന്തു വന്നാലുമെനിക്കാസ്വദിക്കണം
മുന്തിയ നേതൃപദത്തിൻലഹരികൾ'' എന്നു ചിന്തിക്കുന്ന നേതാവിനെ സൃഷ്ടിക്കുമോ? 'ആശാരിക്കുട്ടികൾ' എന്ന കവിതയിലും തമ്പുരാൻ വിളികേട്ടു കുഴഞ്ഞുവീഴുന്ന ഒരുവനായി കവി സ്വയം സങ്കല്പിക്കുന്നു. ഇത് കാപട്യമാണെന്നായിരിക്കും വർഗശത്രുമുദ്ര കുത്തിയേ അടങ്ങൂ എന്ന വാശിയുള്ളവർ പ്രഖ്യാപിക്കുക. വചസ്സുകളിലെ ആത്മാർത്ഥത അളക്കാൻ ആരുടെ പക്കലും മർദമാപിനികളോ താപമാപിനികളോ ഇല്ല. ഒരു കവിക്ക് ഇപ്രകാരമൊക്കെ വചിക്കാൻ, തോന്നി, അങ്ങനെ തോന്നണമെന്ന അനുശാസനങ്ങളൊന്നുമില്ലാതിരിക്കെ എന്ന വസ്തുത മാത്രമാണ്

അപഗ്രഥനവിഷയം. ബിംബകല്പനകൾ ആ തോന്നലുകൾക്ക് അനുഗുണമായി, രൂപപ്പെടുന്നു.

മറ്റൊരു ഉദാഹരണമാണ് 'പഞ്ചവർണ്ണക്കിളികൾ '. ഈ ഭൂമിയിൽ മനുജർക്കെന്നപോലെ പറവകൾക്കും ജീവിക്കാനവകാശമുണ്ട്. വിതക്കുകയോ, കൊയ്യുകയോ ചെയ്യാതെ കതിരുകൊത്തിത്തിന്നാൻ നിയതി അവർക്ക് അധികാരം നല്കിയിട്ടുമുണ്ട്. ഭൂമി മനുഷ്യന്റെ മാത്രമല്ല എന്ന ചിന്താഗതി അവതരിപ്പിക്കാനാണ് വെണ്ണിക്കുളം 'പച്ചക്കിളികൾ' എഴുതിയത്. പഴങ്ങളും ധാന്യങ്ങളും ഉണ്ടാകുന്നതിന്നു മനുഷ്യപ്രയത്നം മാത്രംപോരാ. പ്രകൃതിയുടെ സഹകരണവും വേണം. സസ്യഭുക്കുകളായ കിളിമക്കൾക്കുവേണ്ടി കൂടിയാണ് അമ്മ പഴങ്ങളും ധാന്യങ്ങളും വിളയിക്കുന്നതെന്ന വാദം പരിസ്ഥിതിശാസ്ത്രത്തിന്ന് സ്വീകാര്യമായേ പറ്റൂ. എന്നാൽ അധ്വാനിക്കുന്ന കർഷകത്തൊഴിലാളികളുടെ കൂടെ നിന്നു ചിന്തിച്ച അക്കിത്തം പഞ്ചവർണ്ണക്കിളികളെന്ന കാവ്യബിംബത്തെ ഉപയുക്തമാക്കിയത് വിയർപ്പൊഴുക്കാതെ അന്നം നേടുന്ന വർഗത്തിന്റെ പ്രതീകമായിട്ടാണ്; കൊയ്യാറാവുമ്പോൾ കതിർകൊത്തിക്കൊണ്ടുപോകുന്ന അവ ജന്മികളെപ്പോലെ കർഷകകുടുംബത്തിന്റെ പ്രയത്നഫലം ചൂഷണം ചെയ്യുന്നു. ''പഞ്ചമനോഹരവർണാഞ്ചലമൊളിതഞ്ചിമിനുങ്ങിയ ചിറകോടെ നർത്തനമാടുന്ന' അവ, വേദവിജ്ഞാനം, സാഹിത്യം, കഥകളി, വൈജ്ഞാനികസിദ്ധികൾ എന്നിവയുടെ ഉന്നതലോകങ്ങളിൽ വർത്തിക്കുന്ന ഉന്നതവർണവിഭാഗത്തെ സൂചിപ്പിക്കുന്നു. വിയർത്തൊലിച്ചു മണ്ണിൽ പണിയുന്ന വർഗ്ഗത്തിന്റെ അധ്വാനഫലം ചൂഷണം ചെയ്യുന്ന കിളിക്കൊത്ത് ഹൃദയനാഡികളെ പിളർക്കുമ്പോൾ ഒഴുകിയ രക്തംതന്നെയാണ് 'ഇതിഹാസ'ത്തിൽ കരളിലെ അമ്പിളിയെ മുക്കിക്കെടുത്തിയത്. വർണോത്കർഷാന്ധതയെ ക്ഷുദ്രനും നീചനുമായ ശത്രുവായിക്കാണുന്ന വീരവാദം (1944) മുതല്ക്കേ ഈ കാഴ്ചപ്പാട് തെളിഞ്ഞിട്ടുണ്ട്. സഹതാപത്തിന്റെ ദാർഢ്യം ചിതാഭസ്മത്തിലും ചികഞ്ഞുനോക്കിയാൽ കാണുമെന്നതാണതിലെ വീരവാദം. വർണോത്കർഷബോധത്തിന്റെ നിഷ്ഠൂരതയ്ക്കു ബലിയാടാവുന്നവരോടുള്ള സഹതാപത്തിന്റെ കവിതയാണ് 'പറങ്ങോടൻ'. ഓതിക്കലിന്റെ പേരിൽ ശൈശവബാല്യങ്ങളോടു പുലർത്തിപ്പോന്ന ക്രൂരതയ്ക്കെതിരെയുള്ള ക്രോധവും അവയോടുള്ള കാരുണ്യവും വഴിയുന്ന രണ്ടു കവിതകളാണ് 'അണ്ടിപോയ അണ്ണാൻ' 'ഓതിക്കൻ' എന്നിവ. ശൈശവത്തോടുള്ള കാരുണ്യം രണ്ടിലും തുല്യമാണെങ്കിലും 'ഓതിക്കൻ' എന്ന ഗുരുമാതൃകയുടെ മുഖങ്ങൾ വ്യത്യസ്തമാണ്. പീഡനം സഹിക്കാനാവാതെ ഒളിച്ചോടിയ ഭവദാസനെപ്പറ്റി ആദ്യന്റെ പ്രതികരണം ഇങ്ങനെ,

''ഇതു മുട്ടായ്പ്പോയല്ലോ പോയെങ്കിൽ പോട്ടെ കഴു;
അതിലല്ലെനിക്കിപ്പോളാധിയുള്ളതു പാരം
ഇന്നുതൊട്ടില്ലത്തുപോയ് കൂടേണ്ടിവരില്ലേ ഞാൻ
പിന്നെനിക്കൊരു മുക്കാൽ ശമ്പളം കിട്ടില്ലല്ലോ''.

മറ്റേ കവിതയിൽ ഓതിക്കൻ പശ്ചാത്താപദഗ്ധനാണ്. ഉണ്ണിയുടെ മൂർദ്ധാവി ൽ സ്വാധ്യായക്കിണ്ടികൊണ്ടു കിഴുക്കി ആ ശുണ്ഠിക്കാരനെന്നതു നേരുതന്നെ. പക്ഷേ, ഉണ്ണിയെക്കാണാനില്ലെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ണീരുവീണു ദർഭപ്പുല്ലു കുതിർന്നു. പ്രായശ്ചിത്തത്തിനായി ആ ശുദ്ധൻ ഗംഗാസ്നാനത്തിന്നു പുറപ്പെടുന്നു. ഈ രണ്ടു ചിത്രണങ്ങൾ വ്യഞ്ജിപ്പിക്കുന്നത് ഒരു 'വർഗ'ത്തിന്ന് ഒരൊറ്റ മുഖമേ ഉണ്ടാകൂ എന്ന ദൃഢവും മൂഢവുമായ വിശ്വാസം അക്കിത്തത്തിന്നില്ലെന്നാണ്. രണ്ടാമത്തെ ഓതിക്കന്റെ മൂശയിലാണ് ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസത്തിലെ നേതാവ് വാർന്നുവീണത്. പിതൃസത്തയ്ക്ക് രണ്ടു മുഖങ്ങൾ കല്പിക്കപ്പെട്ടിട്ടുണ്ട്. ചെട്ടിയാരോടു വിലപേശി മകളെ വിറ്റുകിട്ടിയ തുകയും കൊണ്ട് ഇല്ലത്തു മടങ്ങിവന്ന് പൂമുഖപ്പടിയിന്മേൽ കാലിന്മേൽ കാലേറ്റിവെച്ച് കേമമായൊന്നു മുറുക്കി വേളിയെ വിളിച്ച് ഇങ്ങനെ ഓതുന്നു ഒരാൾ: ''പെണ്ണുണ്ടായാൽ വേണ്ടതില്ലിനിമേലിൽ വിഷാദരമേതും'' മകളെ വിറ്റുകിട്ടിയ തുകകൊണ്ട് കുടിക്കടം തീർത്ത് ആധാരം തിരികെ വാങ്ങി വേളിയെ ഏല്പിച്ചു തലചുറ്റിവീഴുന്നു മറ്റൊരാൾ. ഏതുവർഗത്തിലുമുണ്ട്, സ്നേഹം വറ്റിവരണ്ടുകരിന്തിരികത്തിയ ശൂന്യമനസ്സുകളും സ്നേഹത്താൽ ദീപ്തമായ നിറനിലവിളക്കുകളും. കവിയുടെ സഹാനുഭൂതി ഒരിക്കലും ഒന്നാം വകുപ്പിലേക്കു തിരിയുകയില്ലെന്നതിൽ പരിതാപത്തിന്നോ പരിഭവത്തിന്നോ പ്രസക്തിയില്ലല്ലോ. 'ദേശസേവിക' എന്ന ഖണ്ഡകാവ്യത്തിൽ നായികയുടെ ജീവിതസമീപനം രൂപപ്പെട്ടതും വർഗനിരപേക്ഷമായി സ്നേഹത്തിന്ന് പരമമൂല്യം കല്പിക്കുന്ന മൗലികപ്രവണതയിൽനിന്നാണ്. ദേശീയസമരത്തിലെ യോദ്ധാവിന്റെ കാമുകിയാണ് നായിക. പോലീസുകാരുടെ ലാത്തിയടിക്കും വെടിവെപ്പിന്നും ഇരയായി അയാൾ മരിച്ചു. അതോടെ പോലീസെന്ന വർഗത്തെ അവൾ വെറുത്തു. കാലം കുറച്ചു കഴിഞ്ഞ് അവളുടെ അയൽക്കാരനായി ഒരു പോലീസുകാരനെത്തി. ആദ്യം കിട്ടിയ സന്ദർഭത്തിൽത്തന്നെ അവൾ തന്റെ ഈർഷ്യയും പകയും അയാളുടെ മുഖത്തേക്കു തുപ്പി. പക്ഷേ അയാൾ നിർവ്യാജമായി സ്നേഹിച്ചു വിടാതെ കൂടി. ക്രമേണ അവളുടെ കണ്ണിൽ ആർദ്രത ഊറി. അയാൾ നന്മയുടെ നിറനിലാവാണെന്നവൾ തിരിച്ചറിഞ്ഞു. അയാളെ വരിച്ചു. അവൾ സ്നേഹാമൃതമുണ്ടുകഴിയുന്ന കാലത്ത് അന്ത്യസമരം

പൊട്ടിപ്പുറപ്പെട്ടു. നാടു സ്വതന്ത്രമാവണമെന്ന് അന്നും അവളാശിച്ചു. അതോടൊപ്പം തന്റെ നാഥന്ന് ആപത്തു പറ്റാതിരിക്കാൻ പ്രാർത്ഥിക്കയും ചെയ്തു. നാടു സ്വതന്ത്രമാവുന്ന കാലത്ത് സമരത്തെ ഒതുക്കാൻ പ്രവർത്തിച്ച പോലീസുകാരന്നു മാപ്പുകിട്ടണേ എന്ന് ഉള്ളുരുകി പ്രാർത്ഥിച്ച അവളുടെ നാഥൻ ദേശസേവകരുടെ കൈകൾകൊണ്ടു കൊല്ലപ്പെട്ടു. അന്നാദ്യമായി ദേശസേവകരെ നാശകാരികളായും നിഷ്ഠൂരരായും അവൾ കണ്ടു. അവരെ ശപിച്ചു. അവരോടു പകപോക്കുമെന്നായി അവളുടെ ശപഥം. കവിതാമൂല്യപരമായി മികവുറ്റ ഒരു കൃതിയെന്ന നിലയ്ക്കല്ല, കവിയുടെ ജീവിതദർശനത്തിന്ന് പ്രാരംഭത്തിലേ ഉണ്ടായിരുന്ന ഭാവങ്ങളും വർണങ്ങളും വ്യക്തമാക്കാനാണ് ഈ കഥ സംഗ്രഹിച്ചത്. പോലീസുകാരനെ ദേശസ്നേഹികളുടെ വർഗത്തിന്റെ പരമശത്രുവായിക്കാണുകയും അയാളെ വരിക്കാതിരിക്കയോ, വരിക്കുന്നുവെങ്കിൽ ആ ജീവിതവൃത്തി ഉപേക്ഷിപ്പിക്കുകയോ ചെയ്യുന്ന ഒരു ദേശസേവികയായി അവളെ ചിത്രണം ചെയ്ത് വർഗതാത്പര്യസംരക്ഷണം പാലിക്കാമായിരുന്നില്ലേ കവിക്ക്? അങ്ങനെ ചെയ്തിരുന്നെങ്കിൽ ദേശസ്നേഹത്തിന്റെ കുത്തക തങ്ങൾക്കാണെന്നു ചിന്തിക്കുന്ന ഒരു രാഷ്ട്രീയകക്ഷിയുടെ ക്യാമ്പിൽ അദ്ദേഹത്തിന്ന് ഒരു പീഠവും പൂമാലയും ഒരുങ്ങുമായിരുന്നു. പക്ഷേ മനുഷ്യജീവിതം പലപ്പോഴും ഒഴുകുന്നത് കക്ഷിതാത്പര്യങ്ങൾ വെട്ടിയുണ്ടാക്കിയ ചാലിലൂടെയല്ല. പെൺമനത്തിന്റെ കാഴ്ചപ്പാടിലാണ് ആ കാവ്യത്തിലെ കഥ നീങ്ങുന്നത്. ആ കാഴ്ചപ്പാടിൽ സാമാന്യയായ ഒരു സ്ത്രീയുടെ മൂല്യദർശനത്തിനുള്ള ഗതി എന്തായിരിക്കും? ദേശസ്നേഹവും അതുപോലുള്ള ആദർശങ്ങളും ഒരു സാമാന്യസ്ത്രീക്ക് സ്നേഹഭദ്രമായ ജീവിതത്തിലേക്കുള്ള മാർഗങ്ങളാണ്. ദേശീയസമരത്തെ അടിച്ചമർത്താൻ നിയുക്തമായേക്കാവുന്ന കർമ്മരംഗത്ത് വർത്തിക്കുന്ന പോലീസുകാരൻപോലും സ്നേഹത്തിന്നുടമയായപ്പോൾ സ്ത്രീക്കു കാമ്യനായി. ദേശസേവികയായ വീരവനിതയായി അവളെ രൂപപ്പെടുത്താൻ അവളെക്കൊണ്ട് അയാളെ കൊല്ലിച്ചാലും മതി. കവി അതു ചെയ്യുന്നില്ല. സ്നേഹഭദ്രമായ ജീവിതമെന്ന മൂല്യത്തെ താൻ കൂടുതൽ ആദരിക്കുന്നുവെന്ന് പ്രഖ്യാപിക്കുന്നുമില്ല. പക്ഷേ ആ സ്ത്രീയുടെ നഷ്ടബോധവും പകയും രണ്ടു സന്ദർഭങ്ങളിലും തുല്യതീവ്രം തന്നെയെന്ന അറിവിനുള്ള ദ്വിധ്രുവത്വം കവിത നമ്മെക്കൊണ്ടനുഭവിപ്പിക്കുന്നു. സമരക്കാരെ കൊല്ലുന്ന നിയമകിങ്കരന്മാരും നിയമകിങ്കരന്മാരെക്കൊല്ലുന്ന സമരക്കാരും ചെയ്യുന്ന പ്രവൃത്തി ഒന്നുതന്നെ – കൊല. അതിൽ ഞെരിഞ്ഞു തകരുന്നതാകട്ടെ സ്നേഹം നട്ടുനനച്ചു വളർത്തുന്ന നന്മകൾ. ഈ വൈരുധ്യത്തിന്റെ മറ്റൊരു തലമാണ്

ഇതിഹാസത്തിലുള്ളത്.

കക്ഷിക്കൈകാര്യകർത്താക്കളുടെ ചെയ്തികൾക്കെതിരെയുള്ള വിമർശവും അപഹാസവും ഇതിഹാസമെഴുതുന്നതിന്നേറെ മുമ്പുതന്നെ നാമ്പിട്ടു. 'മനസ്സാക്ഷിയുടെ പൂക്കളി'ലെ 'ഡ്രൈവറുടെ പ്രസ്താവന' ഒരു തികഞ്ഞ സറ്റയർ ആണ്. ഭരണകർത്താക്കളുടെ ഇച്ഛയ്ക്കനുസരിച്ചാണ് സാഹിത്യകാരന്മാരും കലാകാരന്മാരും സർഗപ്രവർത്തനത്തിലേർപ്പെടേണ്ടതെന്നു കരുതുന്ന നേതാരംമന്യന്മാരെ കളിയാക്കുന്നു. ശാസ്ത്രീയസിദ്ധാന്തങ്ങൾപോലും ഭരണത്തലവന്റെ ഇഷ്ടത്തിന്നൊത്ത് രൂപപ്പെടുത്തണമെന്ന അലിഖിതനിയമങ്ങളുടെ വാഴ്ച ചില നാടുകളിലുള്ളതിനെ കളിയാക്കുന്നതിൽ കവിയുടെ വിപ്ലവബോധം തടസ്സമായില്ല. ബർട്രന്റ് റസ്സൽ സ്റ്റാലിൻവാഴ്ചയുടെ കാലത്ത് ശാസ്ത്രകാരന്മാർക്കും മറ്റും കിട്ടിയിരുന്ന തീട്ടുരങ്ങളെ ഇങ്ങനെ കളിയാക്കി: ''ലൈസൻകോ എന്ന റഷ്യൻജീവശാസ്ത്രജ്ഞന് സാമുവൽ ബട്ളർ, ബർഗ് സൺ, ഷാ മുതലായവരെപ്പോലെ ജീവിതപരിണാമപ്രക്രിയയിൽ നിയതിനിർദ്ദിഷ്ടമായ ഒരു ഉദ്ദേശ്യം കണ്ടെത്താൻ കഴിയില്ല. പക്ഷേ അദ്ദേഹവും ഒരു ഉദ്ദേശ്യം കണ്ടെത്തുന്നു. അത് സ്റ്റാലിൻ നിശ്ചയിക്കുന്നതാണെന്നു മാത്രം.'' അക്കിത്തത്തിന്റെ കവിതയിൽ ''രാജ്യത്തു ബസ്സും കാറുമോടിക്കാൻ വന്ന പൂജ്യനാം ഡ്രൈവർ'' പ്രഖ്യാപിക്കുന്നു:

''ഹേ!കലാകാരന്മാരേ! നിങ്ങളെന്നാജ്ഞയ്ക്കൊത്തു
ലോകത്തെപ്പുരോഗമിപ്പിക്കുവിൻ മേലേമേലേ''

ഡ്രൈവർ വണ്ടി ഓടിക്കുന്നേയുള്ളൂ. വണ്ടിയുണ്ടാക്കാൻ ഉപയുക്തമായ ശാസ്ത്രീയതത്ത്വങ്ങൾ കണ്ടുപിടിക്കുന്നില്ല. കണ്ടുപിടുത്തങ്ങൾക്കു വേണ്ടുന്ന പ്രതിഭാപ്രവർത്തനസിദ്ധിയുള്ള ശാസ്ത്രജ്ഞന്മാരും സർഗശക്തിയുള്ള കലാസാഹിത്യകാരന്മാരും ഭരണകർത്താക്കൾക്ക് അടിമകളാകുന്നത് മോട്ടോർ വണ്ടിയുടെ തത്ത്വങ്ങൾ കണ്ടുപിടിച്ച പ്രതിഭാശാലി ഡ്രൈവർക്ക് അടിമപ്പെടും പോലെയാണെന്ന് പ്രഖ്യാപിക്കുമ്പോൾ, ആക്ഷേപഹാസ്യമര്യാദയിൽ അതിന്നർത്ഥം, കവിയ്ക്കു വിപ്ലവബോധമോ രാഷ്ട്രീയതത്ത്വസംഹിതകളിൽ വിശ്വാസമോ ഉണ്ടാകുന്നത്,കക്ഷിവക്താക്കൾ വരച്ചിട്ട വരയിലൂടെ നീങ്ങാൻ സന്നദ്ധത ആവശ്യപ്പെടുന്ന കക്ഷിക്കൂറ് ഉണ്ടായിരിക്കലല്ല എന്നാണ്. പുരോഗമനപരമായ ആശയങ്ങളേയും കക്ഷിതാത്പര്യങ്ങളേയും വേവ്വേറെ കള്ളികളിൽ നിർത്താൻ അക്കിത്തം എക്കാലത്തും ശ്രദ്ധിച്ചിരുന്നു. വ്യക്തികളെ കക്ഷികളോടും കക്ഷികളെ രാഷ്ട്രീയതത്ത്വങ്ങളോടും ഏകീഭവിപ്പിക്കുന്ന വിചിന്തനശൈലി ഉറച്ചുപോയവർക്ക് ഈ

വിവേചനം മനസ്സിലാവുകയില്ല.
പണിയസ്ത്രീപുരുഷന്മാരൊരുമിച്ച് പകലന്തിയോളം പാടുപെട്ടു പണിതതിന്നുശേഷം ''പാതിരാപ്പനിമതിയുടെ മന്ദഹാസപൂരം പാലലപകർന്ന വിണ്ടലത്തിൻ കീഴെ വട്ടത്തിൽ നിരന്നുനിന്നു ചെയ്യുന്ന നൃത്തത്തിന്റെ ഒരു മനോഹരവർണനമുണ്ട് 'മൂന്നാം ചേരി'യെന്ന ഗാനാത്മകമായ കുറത്തിപ്പാട്ടുകവിതയിൽ–അവരുടെ അദ്ധ്വാനഫലമായ നെന്മണികളുടെ പൊൻമണികൾ കവർന്നെടുത്ത ''പിതൃപിതാമഹപ്രപൂർവസഞ്ചയ''ത്തിന്റെ നാണമില്ലായ്മയെന്ന സ്വവർഗപുരാണത്തെച്ചൊല്ലി ലജ്ജിക്കുന്ന കവി 'അവന്റെ ചേരി'യിലോ 'ഇവന്റെ ചേരി'യിലോ വർത്തിച്ച് അടിപിടികൂടുന്ന ഭരണകോവിദർ, രണ്ടിലുമുൾപ്പെടാതെ പൂഴിയിൽപ്പിടഞ്ഞുവീണടിയുന്ന ഈ മൂന്നാം ചേരിയെ മുൻനിർത്തി ലജ്ജിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു. അതിന്നദ്ദേഹത്തിന്ന് ധാർമ്മികാധികാരമുണ്ട്. ഇവരുടെ രോദനം കേൾക്കുന്ന കവി ഇവർക്കുവേണ്ടിക്കൂടിയാണ് നേതാരംമന്യന്മാരെയും അവരുൾപ്പെട്ട പാർട്ടിയേയും തള്ളിപ്പറയുന്നത്. ''വിപ്ലവകവി''യെന്ന കവിതയിലും ഈ പാർട്ടിയെ തള്ളിപ്പറയുന്നത് അവരുടെ ധർമ്മഭ്രംശത്തിന്നെതിരെയുള്ള ധർമ്മരോഷം മൂലമാണ്. വിപ്ലവകക്ഷിക്കുവേണ്ടി വിടുപണിചെയ്ത കവി യജ്ഞത്തിലെ ബലിമൃഗത്തെപ്പോലെ ഹോമിക്കപ്പെടുന്നു. വിപ്ലവമെന്ന തത്ത്വത്തോടോ സമത്വമെന്ന ലക്ഷ്യത്തോടോ അനാസ്ഥയുള്ളതുകൊണ്ടല്ല, അവയുടെ പേരിൽ നടമാടുന്ന വഞ്ചനയോടു പ്രതിഷേധിക്കുന്നത്. കക്ഷിരാഷ്ട്രീയം എല്ലാ രംഗത്തും അധഃപതിച്ചപ്പോൾ ''ഓരോമാതിരി ചായം മുക്കിയ കീറത്തുണിയുടെ വേദാന്തം'' എന്ന് അവയെ അടച്ചപഹസിക്കുന്നു. ഈ നിന്ദനം പൊറുക്കാത്ത കക്ഷിപ്രതിനിധികളായ, രാഷ്ട്രീയപ്രവക്താക്കളായ, കാവ്യനിരൂപകരുണ്ടായിട്ടുണ്ട്. കൊടിയെ കീറത്തുണിയെന്നു വിശേഷിപ്പിക്കാൻ കവിയെ പ്രേരിപ്പിച്ച സംഭവരംഗദൃശ്യങ്ങൾ ഏവ എന്ന് അവർ അന്വേഷിക്കുന്നില്ല. നിരുപാധികമായ 'കൊടിക്കൂറ്' വേണമെന്നാണവരുടെ നിലപാട്. 'ഇടിഞ്ഞുപൊളിഞ്ഞ ലോക'ത്തിൽ, കുഞ്ഞുങ്ങളുടെ വിശപ്പടക്കുക എന്ന ഒന്നാം കർമ്മത്തിലേവരും പരാജയപ്പെട്ടതു കാണുമ്പോഴാണ്, ഒരു കൊടിയ്ക്കും പാറിപ്പറക്കാൻ അർഹതയില്ല എന്ന വെളിപാടുണരുന്നത്. ഓണം വന്നിട്ടും ഒരു കുട്ടിയും പൂവേപൊലി പാടാനില്ല. കുട്ടികളെല്ലാം മനുഷ്യച്ചൂരെവിടെയുണ്ടോ അവിടെ ഇരക്കാൻ പോയിരിക്കുന്നു. വള്ളത്തോൾ കേട്ട ''ഇന്ത്യയുടെ കരച്ചിലി''നേക്കാൾ കഠോരമായിത്തീർന്നു അക്കിത്തം കേട്ട ബാലരോദനം. അതിന്നൊപ്പം ഒരു നരകഭീകരദൃശ്യവും.

‘‘കനിവെഴുമേതോ വൃദ്ധന്റേതാം കാലുറ ചൂടിക്കഷണത്താൽ
അരയിൽച്ചേർത്തൊരു പയ്യൻ ‘കാണുവിനതിശയ’മെന്നു നിലക്കൊണ്ടു
ചുട്ടുപഴുത്ത കരിങ്കൽച്ചില്ലിൽക്കുത്തിയ മൊട്ടത്തലയോടേ’’

ഈ ‘അതിശയ’ത്തെ അതിശയിക്കുന്ന മറ്റൊരു പട്ടിണിക്കുട്ടിച്ചിത്രം ഔദ്യോഗികാംഗീകാരമുള്ള വിപ്ലവകവികളുടെ രചനകളിൽ കണ്ടിട്ടില്ല. മൊട്ടത്തല കരിങ്കൽച്ചില്ലിൽ കുത്തി കാൽമേല്പോട്ടാക്കി നില്ക്കുന്ന കുട്ടിയുടെ പാദധ്വജത്തിൽ പാറിപ്പറക്കുന്ന കീറക്കാലുറ കണ്ട കണ്ണുകൊണ്ട് കക്ഷിക്കൊടിക്കൂറ കാണുമ്പോൾ അതിനെ കീറത്തുണിയെന്നു വിളിക്കുന്നതിൽ ഒരു കക്ഷിക്കും പരിഭവിക്കാൻ ധാർമ്മികാവകാശമില്ല. പിഞ്ചുകുഞ്ഞിന്റെ വിശപ്പാറ്റാനുതകാത്ത ഒരു കൊടിയും കൊടിയല്ല. കീറത്തുണിയേക്കാളും ഹീനമായ തേപ്പുതുണിയാണ്. ‘‘തമ്പുരാൻകുട്ടി’’യെന്നു തന്നെ വിളിക്കുന്നത് ദൈവമായാലും ‘‘നിന്നെല്ലിടിച്ചു പൊടിക്കും ഞാൻ’’ എന്നു ധർമ്മരോഷം പൂണ്ട കവി നിഷേധിക്കുന്നത് ആസ്തിക്യത്തെയല്ലാത്തതുപോലെ, ഈ ‘കൊടിനിന്ദ’ പൊട്ടിത്തെറിക്കുന്നത് ഒരു പ്രത്യയശാസ്ത്രത്തിന്നുമെതിരെയല്ലെന്ന് കൊടിയുടെ പേരിൽ തുടികൊട്ടുന്നവർ അറിയേണ്ടിയിരിക്കുന്നു. ചില കൊടിക്കാർമാത്രം ചൊടിക്കുന്നെങ്കിൽ അത് കുറ്റബോധത്തിന്റെ ജൃംഭണംകൊണ്ടാവണം. മൊഴിതെറ്റുന്നത് ഈശ്വരന്നായാലും പകരം കൊടുക്കേണ്ടത് പൂജയല്ല ‘പൂശ’യാണെന്നു വിധിച്ച കവി, വഴിതെറ്റുന്നത് ഏതു പാർട്ടിക്കായാലും അതിന്റെ കൊടിയെ അഹന്തയോടെ പാറിക്കളിക്കാനനുവദിക്കാത്തതിൽ യാതൊരു വൈരുധ്യവുമില്ല. കേരളത്തിന്റെ അരുമക്കിടാങ്ങൾ മനുഷ്യർ കൂടുന്നിടത്തൊക്കെ ‘‘ഒരു മുക്കാല്, ഒരു മുക്കാല്’’ (മൂല്യച്യുതി മൂലം മറ്റെല്ലാരംഗങ്ങളിലും പണത്തിന്റെ വില പത്തിരട്ടി താഴ്ന്നുവെങ്കിലും ഈ കുട്ടിക്കിനാവ് ഇനിയും പത്തുപൈസയേക്കാൾ വളർന്നിട്ടില്ല.) എന്ന് ഇരക്കുമ്പോൾ കൊടിമാഹാത്മ്യം പ്രസംഗിക്കുന്നവരോട് ‘‘നില്ലവിടെ ചിലച്ചിടാതെ നിന്നെല്ലിടിച്ചുപൊടിക്കും ഞാൻ’’ എന്നു രുഷ്ടരാകാൻ രുദിതാനുസാരികളായ സാഹിത്യകർത്താക്കൾക്ക് അധികാരം പതിച്ചുകൊടുത്തിട്ടുള്ളത് സമൂഹമനസ്സുതന്നെയാണ്. നിശ്ശൂന്യതാബോധം കവിചിത്തത്തെ ഗ്രസിക്കുന്നുണ്ടെങ്കിലും ‘ഇടിഞ്ഞുപൊളിഞ്ഞ ലോക’ത്തിലെ വഴിവക്കിൽ ചിരിച്ചുനില്ക്കുന്ന പൂവിന്റെ കരളിൽ തുളുമ്പുന്ന ഒരു തുള്ളി പൂങ്കണ്ണീർ കവിയെ അലിവിന്റെ അമരലോകത്തിലേക്ക് ഉയിർത്തെഴുന്നേല്പിക്കുന്നു.

‘ജീവിതരതി’യുടെ രണ്ടു കൈവഴികളാണല്ലോ ജീവിക്കലും ജീവിക്കാനനുവദിക്കലും.

രണ്ടിലും തുല്യശക്തങ്ങളായ ത്വരകളാണ് കവിചേതസ്സിനെ സ്പന്ദിപ്പിക്കുന്നത്. ‘പണ്ടത്തെ മേശാന്തി’യിൽ അടിമത്തത്തിന്റെ കണ്ണീര് ഇരുമ്പുസൂചിയായി രൂപം കൊള്ളുന്നു. ‘കർക്കടമാസം കഴിയുംവരെക്കിനിക്കഞ്ഞിയാണുണ്ണി! നിനക്കിഷ്ടമാകുമോ’’ എന്ന അമ്മയുടെ ചോദ്യം കണ്ണാടിവീട്ടിലുറങ്ങിക്കിടക്കുന്ന ഉണ്ണിയെ കല്ലേറുപോലെ ഉണർത്തി. ചിരകാലം അന്യരുടെ അധ്വാനത്തിന്റെ വിത്തുകൾ പത്തായം പെറുന്നവയാണെന്ന നിനവോടെ ചക്കിയെകൊണ്ട് കുത്തിച്ച് അമ്മയെക്കൊണ്ട് വെപ്പിച്ച് ഉണ്ട് കഴിഞ്ഞ ഉണ്ണികൾ, കാലിന്നടിയിൽനിന്ന് മണ്ണ് ഊർന്നുപോയതോടെ അവരുടെ ദീർഘനിദ്രയിൽ നിന്ന്, പണിയെടുത്തു കുടുംബം പുലർത്തണമെന്ന കർത്തവ്യബോധത്തിലേക്ക് ഉണരുകയാണ്. തനിക്കറിയാവുന്ന ഒരേയൊരു പണിയായ ‘ശാന്തി’ തേടി ഉണ്ണി ഇറങ്ങി. ‘‘പോവുന്നു നീ ശാന്തി തേടിയിന്നെങ്കിൽ ഞാൻ പോവരുതെന്നു വിലക്കുന്നതെങ്ങനെ?’’ എന്ന് പിതൃവർഗത്തിന്നും യാഥാർത്ഥ്യത്തിലേക്കുണരേണ്ടിവന്നു. അമ്മയുടേയും അനുജത്തിയുടേയും അശ്രുപൂർണങ്ങളായ കണ്ണുകൾ ഉണ്ണിയെ വേട്ടയാടി. ഏറെ അലഞ്ഞതിന്നു പിമ്പെ ‘ഉദാര’നായ ഒരു ഊരാളൻ ശാന്തിപ്പണി കൊടുക്കുമ്പോൾ മുന്നറിവു നല്കി.

‘‘വ്യാജം പ്രവർത്തിച്ചു വെങ്കിട്ടനെമ്പറാൻ
പൂജയിൽ അപ്പോൾപ്പിരിച്ചേനയാളെ ഞാൻ
തുപ്പനാജ്ജോലി തരുന്നു താനാരെന്ന–
തെപ്പൊഴും തന്റെ മനസ്സിലുണ്ടാവണം.’’

അതിന്നർത്ഥം വ്യാജം പ്രവർത്തിക്കരുതെന്നു മാത്രമല്ല. താൻ വെറും പണിക്കാരനാണെന്നും കൂടിയാണ്.

‘‘ഉപ്പിനും ചോറിനും വേണ്ടിയിട്ടന്യന്റെ
‘‘ചൊല്പടിക്കെന്നെബ്ബലികൊടുക്കുന്നു ഞാൻ’’

എന്ന അവബോധം, അടിമത്തബോധം, കണ്ണീരിന്നുറവായി.

‘‘ആമാശയത്തിലകപ്പെട്ട സൂചിപോ–
ലന്തരംഗത്തിൽപ്പുലർന്നിതാക്കണ്ണുനീർ’’

സൂര്യൻ, ചന്ദ്രൻ, രത്നം, മുതലായ കണ്ണീർബിംബങ്ങളിൽനിന്നെല്ലാം വ്യത്യസ്തമാണ് ഈ ഇരുമ്പുസൂചിക്കണ്ണീർ. അച്ഛനുമമ്മയ്ക്കും അനുജത്തിക്കും വേണ്ടികൂടിയാണ് അടിമപ്പണിക്ക് ചേർന്നത്. അച്ഛൻ ഊർധ്വൻ വിലിക്കുന്നത് ശ്രീകോവിലിൽ കേട്ടപ്പോൾ ‘ശാന്തിവൃത്തി’ യെപ്പറ്റി ഊരാളനോടു സൂചിപ്പിച്ചു. അയാളുടെ മട്ടുമാറി. പൂജയിൽ ഒരു

വ്യാജവും കാട്ടിയില്ലെങ്കിലും എമ്പറാൻ ഇറങ്ങിയ വാതിലിലൂടെ ഇറങ്ങേണ്ടി വന്നു–മകന്റെ ശാന്തിവൃത്തികൊണ്ടു പുലരാനിടവരാതെ അച്ഛനുമമ്മയും കണ്ണടച്ചു. കാഞ്ചനത്തുലാഭാരം വേണ്ടാത്ത ഈശ്വരൻ അനിയത്തിയെ വേട്ടു. ഈ ദുരന്തങ്ങൾ പണ്ടത്തെ മേശാന്തിയുടെ ഇരുമ്പുസൂചിക്കണ്ണീരിനെ അയാളുടെ ആമാശയത്തിലേക്കിടുന്നു. ഈശ്വരന്റെ പേരിൽ നടത്തുന്ന സ്വകാര്യവ്യവസായത്തിന്റെ ചൂഷണത്തിന്നിരയായ പൂജാരിത്തൊഴിലാളി വർണശ്രേണിയിലെ ഉന്നതരിൽപ്പെടുന്നു. ഇയാളുടെ കണ്ണീരും അടിമത്തമനുഭവിക്കുന്ന വർഗത്തിന്റെയൊട്ടാകെയാണ് എന്നറിയുന്ന അക്കിത്തം വർണശ്രേണിയുടെ അടിസ്ഥാനത്തിൽ വർഗവിഭജനം ചെയ്യുന്നതിന്റെ എതിർവശത്താണ് പണ്ടേ നില്പുറപ്പിച്ചത്.

അടിമത്തക്കണ്ണീരിന്ന് കവി ഒരു വെണ്ണക്കൽ വിഗ്രഹംതന്നെ വാർത്തുവെച്ചിട്ടുണ്ട്, 'വെണ്ണക്കല്ലിന്റെ കഥ'യിൽ. മഹാനായൊരു ഗായകന്റെ കീർത്തിപൊങ്ങിയപ്പോൾ രത്നഹാരിയായ രാജാവിന്റെ ആജ്ഞയെത്തി – ''ഗായകരത്നം കൊട്ടാരത്തെ അലങ്കരിക്കണം''. പ്രിയതമയെ ഗ്രാമത്തിൽ വിട്ട് ഇറങ്ങേണ്ടിവന്ന ഗായകൻ അവളുടെ കണ്ണിൽ വജ്രക്കല്ലിന്റെ തിളക്കം കണ്ടു. കൊട്ടാരത്തിലെത്തിയ അയാൾ ആട്ടക്കാരികളുടെ കാൽത്താളത്തിന്നൊത്തു പാട്ടുപാടാൻ നിയുക്തനായി. സഹിഷ്ണുതയിൽ നിന്നൂറുന്ന അലിവുപോലും വരണ്ടു പോയ ഒരു നിമിഷത്തിൽ പെട്ടെന്നൊരുനാൾ അയാൾ വായ ഇറുക്കിയടച്ചു. പിന്നെ നിർത്താതെ പൊട്ടിച്ചിരിച്ചു. ചിരിച്ചുചിരിച്ചു ബോധംകെട്ടു വീണപ്പോൾ അയാളുടെ കണ്ണുനിറഞ്ഞൊഴുകിയിരുന്നു. കാലം കടന്നുപോയി. രാജാവും നർത്തകിമാരും കൊട്ടാരവും മണ്ണടിഞ്ഞു. ഗായകന്റെ കണ്ണുനീർ കാലത്തിന്റെ ശൈത്യത്തിൽ കല്ലായുറച്ചുവളർന്നു. അതിനെയാണ് മണ്ണിലെമ്പാടും പരന്നുകിടക്കുന്ന വെണ്ണക്കല്ലെന്ന് നാം ഇന്നറിയുന്നത്. കവിയും കലാകാരനും, അധീശത്വം വഹിക്കുന്ന വ്യക്തിയുടേയോ കക്ഷിയുടേയോ വരുതിക്കു നില്ക്കണമെന്നും അവരിട്ടുകൊടുക്കുന്ന ലൈനിലൂടെ നീങ്ങണമെന്നും ശഠിക്കുന്നവർക്ക് ഈ സ്വാതന്ത്ര്യബോധത്തിന്റെ ശിലാജന്മകഥ മനസ്സിലാവില്ല. സമൂഹശിവവും വ്യക്തിസ്വാതന്ത്ര്യവും സമന്വയിക്കുന്നതിലാണ് കവിയുടെ കണ്ണീരിന്റെ ധ്വനി നങ്കൂരമിടുന്നത് ''മനുഷ്യത്വക്കഴമ്പുകൾ'' വിവരിച്ചപ്പോൾ (ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം)–

''കലനിർമ്മിക്കുവാൻ, വ്യക്തിസ്വാതന്ത്ര്യത്തെ മതിക്കുവാൻ.
സമൂഹത്തോടുള്ള മൂലനീതികൾക്കു വഴങ്ങുവാൻ''

എന്നിവയെ അടുപ്പിച്ചിരുത്തി – സമൂഹനന്മയ്ക്കുവേണ്ടിയുള്ള പ്രതിജ്ഞാബദ്ധത

പുലർത്തലും, സ്വത്വവും സ്വാതന്ത്ര്യവും നിലനിർത്തലും സമന്വയിച്ചേ തീരൂ. അധീശത്വത്തിന്റെ ചങ്ങലക്കെട്ടിൽപ്പെട്ടുപോയാൽ ഗായകന്നു ശബ്ദം നഷ്ടപ്പെടുന്നു. അയാളുടെ കദനക്കണ്ണീർ കല്ലായുറയ്ക്കുന്നു.

'ഉപ്പോളം വരുമോ ഉപ്പിലിട്ടത്' എന്ന കവിതയിൽ ഈ സമന്വയനം ദുർഘടമെന്നു തോന്നിക്കുന്ന പരീക്ഷണഘട്ടത്തെ തരണം ചെയ്യുന്ന രീതിയെപ്പറ്റി ലളിതപ്രതീകകല്പനകളിലൂടെ അന്വേഷണം നടത്തുന്നു. ഗാനഗന്ധർവ്വനായ ഒരു വേണുഗായകൻ – ഒരു നാൾ അയാൾ കണ്ടു, തന്റെ ഓടക്കുഴലിൽ ഒരു വോട്ടാളൻ കൂടുകൂട്ടിയിരിക്കുന്നു.

''പാരിന്മേലിപ്പാഴനു മുളയാൻ വേറെയൊരംഗുലമില്ലെന്നോ?'' എന്ന ശുണ്ഠിയുണർന്നെങ്കിലും, കൂടു ചുരണ്ടിക്കളയാൻ മനസ്സു വന്നില്ല. അവൻ ''വേട്ടാള''നാണ്. വേട്ടു കുടുംബം പുലർത്തുന്ന ആൾ. ഇരയെക്കാലിലിറുക്കി കൂട്ടിലെത്തുന്നത് കുഞ്ഞുങ്ങളെ തീറ്റിപ്പോറ്റാനാണ്. അരികിലിരുന്നു മാമുണ്ണുന്ന സ്വന്തം കുഞ്ഞിനെ അയാൾ നോക്കി. ചെറുതിന്നും സ്വന്തം സ്നേഹച്ചൂടുകൾ ചെറുതല്ല; ഏറെ വലുതാണ്. അയാൾ കുഴലൂതാതെ ചില നാളിരുന്നു. കിഴവൻ ചത്തുപോയോ എന്ന് പതിവുപോലെ കുഴൽ വിളികേൾക്കാത്തപ്പോൾ അയൽക്കാർ ശങ്കിച്ചു. മൂകവിഷാദത്തിലാണ്ടുപോകാതെ ഒരു നാൾ അയാൾ തൊണ്ട തുറന്നു പരമാനന്ദകണ്ണീർപോലൊരു പാട്ടുപാടി. മാധ്യമം മാറിയതിനെപ്പറ്റി ആരാഞ്ഞവരോട് നർമ്മമോതി:

''ഓടക്കുഴലിൻ തൊണ്ടയിലല്ലേ കൂടുണ്ടാക്കൂ വേട്ടാളൻ
പാടും നരനുടെ തൊണ്ടയിലേറിക്കൂടുണ്ടാക്കുകയില്ലല്ലോ.''

പൂരത്തിലെ കുടമാറ്റംപോലെ ക്ഷിപ്രസാധ്യമാണ് മാധ്യമമാറ്റം എന്നല്ല കാവ്യബിംബകല്പനയിലെ ധ്വനിതലം. ബാഹ്യമായ ഒരു ഏജൻസി സൃഷ്ടിക്കന്ന പ്രതിബന്ധമാണ് ആ കൂട്. ആ പ്രതിബന്ധം വെറും വ്യക്തിസ്വാതന്ത്ര്യനിരോധനമാണെങ്കിൽ അതൊരു വെല്ലുവിളിയാണ്. ഒന്നുകിൽ അതിനെ തൂത്തെറിയാം. അല്ലെങ്കിൽ വെണ്ണക്കല്ലിലെ ഗായകനെപ്പോലെ ചുണ്ടിറുക്കിപ്പൂട്ടാം. ഈ കവിതയിലെ ഗായകൻ കുറച്ചുനാൾ ചെയ്തതുപോലെ, ''വായ മുറുക്കിത്തുന്നിക്കെട്ടാം.'' എന്നാൽ ഇവിടത്തെ പ്രതിബന്ധം വെറും മൺകൂടല്ല. അതിന്നുള്ളിൽ ജീവൻ തുടിക്കുന്നു. അതായത് 'നിരൂപാധികമായ ജീവപ്രേമ''മെന്ന മനുഷ്യത്വക്കഴമ്പ് ആ പ്രതിബന്ധത്തെ തട്ടിനീക്കുന്നതിനെതിരായി വർത്തിക്കുന്നു. അതിനാൽ ഇവിടെ വ്യക്തിസ്വാതന്ത്ര്യനിയന്ത്രണം കലാകാരന്റെ

കർത്തവ്യമായിത്തീരുന്നു. ഈ ധർമ്മബോധമാണ് അപ്രതിരോധ്യമായ സർഗശക്തിക്ക് മറ്റൊരു വഴി വെട്ടിത്തുറന്നുകൊടുക്കുന്നത്. ഇവിടെ പാരതന്ത്ര്യത്തിന്ന് ''പരമാനന്ദക്കണ്ണീരായി'' രൂപാന്തരം പ്രാപിക്കേണ്ടിവരുന്നു. കലാകാരനെന്നപോലെ ഏതു ജീവിക്കും പ്രപഞ്ചത്തിൽ ജീവിക്കാനാവകാശം പ്രകൃതി നല്കിയിട്ടുണ്ട്. അതിനെ ഭഞ്ജിക്കുന്നതായിക്കൂടാ അതിനോടു സമരസപ്പെട്ടുപോകുന്നതാവണം കലാകാരന്റെ വ്യക്തിസ്വാതന്ത്ര്യം. വേട്ടാളൻ തൊണ്ടയിൽ കൂടുകൂട്ടുകയില്ലല്ലോ എന്ന നർമ്മത്തിന്റെ ലാഘവത്തിൽപ്പൊതിഞ്ഞ് ഗുരുതയേറിയ തത്ത്വം ധ്വനിപ്പിച്ചിരിക്കുന്നു. കലാകാരൻ സമൂഹഭദ്രതയുടെ പേരിൽ തന്നിൽത്തന്നെ ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങൾ അയാൾ ലംഘിച്ചുകൂടാ. മാധ്യമത്തിന്റെ ദ്വാരമടയ്ക്കുന്ന പ്രതിബന്ധങ്ങളുണ്ടാവുമ്പോൾ അയാൾ ചിന്തിക്കണം, സമൂഹശിവത്തിന്നും അപരന്നു തന്നെപ്പോലെ ജീവിതം നിലനിർത്തുന്നതിന്നുംവേണ്ടി സ്വന്തം സ്വാതന്ത്ര്യം നിയന്ത്രിക്കേണ്ടതെങ്ങനെ എന്ന്. ഒരു ചെറിയ വേട്ടാളൻകൂടെന്ന പ്രതീകത്തിലൂടെ ഗൗരവമേറിയ ഒരു കാവ്യസമസ്യയെ സ്വന്തം കണ്ണീർച്ചിരിതത്ത്വശാസ്ത്രത്തോടു ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നു. മനുഷ്യത്വക്കുഴമ്പുമായി (ജീവപ്രേമവാസന) കൂടിപ്പിണഞ്ഞ ഏതു ജീവിതഘടകങ്ങളായാലും അവ സർഗാത്മകപ്രവർത്തനത്തിന്നു നിയന്ത്രണമേല്പിക്കുമ്പോൾ അവയെ നിഷ്ഠൂരമായിത്തട്ടിമാറ്റി മുന്നേറുന്ന ഉച്ഛൃംഖലതയല്ല കലാകാരന്നു വിധിച്ചിട്ടുള്ളത്. ആ ഉച്ഛൃംഖലതയിൽനിന്ന് പരമാനന്ദക്കണ്ണീരുറന്നുവരികയില്ല. പൂവിന്റെ ഇതളിൽ ''രാവിൽപ്പെയ്തൊരു മഴനീരോ ചെടി തൂവിപ്പോയൊരു മിഴിനീരോ'' കണ്ടപ്പോൾ, കുഞ്ഞുങ്ങളിരന്നുനടക്കുന്ന നേരത്ത് ചിരിക്കാൻ തോന്നിയ ചെടിയെ ഞെരിക്കാൻ മുറുകിയ മുഷ്ടി അയഞ്ഞതും ആസുരസംഹാരപ്രവണത അലിഞ്ഞ് ആത്മോപഹാസസിദ്ധി വിരിഞ്ഞതും ഇതുപോലെയാണ്. പൊന്തക്കരികിൽ കുത്തിയിരിക്കുന്നതെന്തെന്ന് അന്വേഷണമുണ്ടായപ്പോൾ.

''ഇല്ല വിശേഷം ചിത്തഭ്രമമാണിയ്യിടെ നമ്മൾക്കല്പാല്പം'' എന്നു നർമ്മലാഘവത്തോടെ പ്രതികരിക്കുന്നു. കണ്ണീർക്കുത്തിൽ നേരമ്പോക്കിന്റെ വെള്ളിമീൻചാട്ടം ഭാവഗൗരവത്തിന്നുചിതമാവുമോ എന്ന ശങ്കയില്ലാത്ത നമ്പൂരിച്ചിരി 'ഇതിഹാസ'മുൾപ്പെടെ എല്ലാ ഗുരുകവിതകളിലും ഉണ്ട്. ഈ ലാഘവം ലഭിക്കുന്നത് കണ്ണീരിലൂടെ 'അഹ'ത്തിന്റെ കനം അലിയിച്ചുകളയാൻ കഴിയുന്നതുകൊണ്ടാവണം–അശ്രുകൊണ്ട് 'അഹ'ത്തെ അലിയിച്ചൊഴുക്കലെന്ന അകക്രിയയാണ് അക്കിത്തത്തിന്റെ ആസ്തിക്യം. മഹാബലിയുടെ മഹാബലം ഈ

അഹന്താത്യാഗമാണെന്ന ഉൾക്കാഴ്ച കിട്ടിയതോടെ ചേതസ്സിൽ തെളിഞ്ഞ സൗവർണ്ണകാന്തിയെപ്പറ്റി 'ബലിദർശന'ത്തിൽ വിവരിക്കുന്നു. ''ദാനം ചെയ്തതെന്റെ സമ്പാദ്യം മാത്രം; എന്നഹങ്കാരം മാത്രം'' എന്നു മഹാബലി സ്വന്തം അന്തരാത്മാവിലിരുന്നുകൊണ്ടരുളിച്ചെയ്യുന്നതു കേട്ടപ്പോൾ താനാകെ ഒരു നറുവെളിച്ചത്തിൽ മുങ്ങിയതായിത്തോന്നി. ആദ്യം കണ്ടവർ ഇങ്ങനെ ചോദിച്ചതായും സങ്കല്പിച്ചു: ''എങ്ങനെ ഭവാൻ സ്വർണവർണനായ് മാറീ പെട്ടെന്ന്?''. യജ്ഞജലത്തിൽ മുങ്ങിയപ്പോൾ ഹിരണ്യകാന്തി നേടിയ കീരിയെക്കുറിച്ചുള്ള കഥയുടെ ധ്വനിസുന്ദരമായ വ്യാഖ്യാനമാണിത്. യജനം ത്യാഗമാണ്. പരമയജ്ഞം അഹന്താത്യാഗവും. അതിന്നു കഴിയുമ്പോൾ അന്യർക്കായി കണ്ണീർ ചൊരിയാൻ ശക്തി കിട്ടുന്നു. ആത്മാവിൽ സൗരമണ്ഡലമുദിക്കുന്നു. അക്കിത്തത്തിന്റെ ഈ ബലിദർശനം വിഷ്ണുഭക്തകവികളുടേതിൽനിന്നു തെല്ലു വ്യത്യസ്തമാണ്.

''മത്തഃ കിം തേ സമഭിലഷിതം വിപ്രസൂനോ! വദ ത്വം
വിത്തം ഭക്തം ഭവനമവനീം വാഽപി സർവം പ്രദാസ്യേ''

എന്നു വടുവിനോടു പറഞ്ഞ മഹാബലി ഗർവിഷ്ഠനായിരുന്നുവെന്നും ഗർവം ശമിപ്പിക്കാനാണ് (ഉത്സേകം ശമയിതും) വിഷ്ണു മൂന്നടി മണ്ണു യാചിച്ചതെന്നും മേല്പത്തൂർ. 'മഹാബലി യെന്ന കവിതയിൽ ബാലാമണിയമ്മയും 'ബലിദർശന'ത്തിൽ അക്കിത്തവും, ''ഗർവം ഈശ്വരൻ ശമിപ്പിക്കുക'' യെന്ന പാഠത്തിന്ന് അഹന്ത സ്വയം ത്യജിക്കുകയെന്ന പാഠഭേദം വരുത്തി, ദിവ്യകാന്തി പരിവേഷത്തോടെ നില്ക്കുന്ന മഹാബലിയെ ദർശിക്കുന്നു. പുരാവൃത്തത്തെ ദൈവിക വഞ്ചനകഥയായി വ്യാഖ്യാനിക്കാൻ മാത്രം താത്പര്യമുള്ള വർഗ്ഗവൈരുദ്ധ്യവാദികൾ ഇത്തരം ദർശനങ്ങൾക്ക് കവികളുടെ ചേതോഘടനയിലേക്കു വേരോട്ടമുണ്ടെന്നു വകവെക്കാൻ കൂട്ടാക്കുകയില്ല. 'ഇതൊക്കെ ഒരു ജാട' എന്ന ഒരൊറ്റവെട്ടുകൊണ്ടു തട്ടിമാറ്റുന്നവരോട് വാഗ്വാദം വെറുതെ. അഹന്താത്യാഗമെന്ന യജ്ഞാശ്രുപ്രവാഹത്തിന്റെ മാജിക്കു കാട്ടുന്ന കാവ്യബിംബങ്ങൾ അക്കിത്തത്തിന്റെ കവിതയിൽ കുറെയേറെയുണ്ട്. 'വിസ്മയം' എന്ന കവിതയിൽ

(നിമിഷക്ഷേത്രം) കണ്ണീർത്തുള്ളികളെല്ലാം മുത്തായിത്തീരുന്നു; എങ്ങിനെ? ഞാനെന്ന സത്തയെ ഗൗനിക്കാതെ യുഗങ്ങൾ ഓടിപ്പോയപ്പോൾ ആ കാറ്റേറ്റ് കണ്ണുനീർത്തുള്ളികൾ ഉറഞ്ഞുകൂടി. ഈ ഭൂമിയെന്ന മുത്തിന്റെ ഉത്പത്തി കവി കണ്ടത് ആകാശത്തിന്റെ കണ്ണീരിലാണ്.

''ഒരിക്കൽ നിൻ തീവ്രതപമടർന്നുരുകിവീഴവേ

അതിന്നുണ്ടായ പേരല്ലോ ഭൂമിയെന്നതനന്തമേ!''

(ആകാശത്തിന്റെ മക്കൾ – മധുവിധുവിനുശേഷം)

മഹാഭാരതത്തിൽ മനുഷ്യന്റെ വിശപ്പുതീർക്കാൻ അഗ്നിയിലേക്കു സ്വയം നിപതിച്ച കിളികളെപ്പോലെയുള്ള 'കൊക്കിനേയും കുളക്കോഴിയേയും' സൃഷ്ടിച്ചത് പരാർത്ഥമായ ആത്മബലി എന്ന മൂല്യദർശനത്തിന്റെ ഉൾപ്രേരണകൊണ്ടുതന്നെ. (കൊക്കിനുവെച്ചത് – അമൃതഘടിക) ആത്മത്യാഗസംതൃപ്തിപൂർണമായത് കൊക്കിന്നാണ്. എന്തെന്നാൽ കൊക്കിന്റെ മാംസമേ 'സത്ത'ന്റെ ഭക്ഷണത്തിന്നുതകുന്നുള്ളു. കുളക്കോഴിമാംസം 'സത്ത'ന്നിഷ്ടമില്ല. പക്ഷേ കുളക്കോഴിക്ക് സ്വാർത്ഥജന്യമായ ഒരു ആശ്വാസമുള്ളത് കണ്ണീർക്കുത്തിന്നൊപ്പമുള്ള നേരമ്പോക്കിന്റെ വെള്ളിമീൻചാട്ടമായിപ്പൊങ്ങുന്നു:

''ശോച്യമെൻവിധി, കുളക്കോഴി യോജിച്ചൂ, പക്ഷേ

ശോച്യമല്ലെൻ മക്കൾതൻ വിധിയെന്നെന്നാശ്വാസം''–

ഞാനെന്ന ഭാവം യജിക്കുന്നതിന്റെ ഒരു ഉജ്വലചിത്രമുണ്ട്. 'സ്പർശമണികൾ' എന്ന കവിതയിൽ. അന്യന്മാർ കൊണ്ടുവരുമിരുമ്പത്രയും പൊന്നാക്കുന്ന സ്പർശസിദ്ധിയുള്ള വിരലുകൾ അഹന്തയില്ലാത്ത നിസ്വാർത്ഥബാല്യത്തിന്നുണ്ടായിരുന്നു. പിന്നീട് അഹന്തയും സ്വാർത്ഥവും വളർന്നപ്പോൾ സ്വന്തമായ ഇരുമ്പു പൊന്നാക്കാനിച്ഛിച്ചു. അതിന്നു മുതിർന്നതോടെ ഇരുമ്പു സ്വർണമായില്ലെന്നു മാത്രമല്ല ക്ഷിപ്രവാർദ്ധക്യം വന്നുഭവിച്ചു. സ്പർശമണിസാന്നിദ്ധ്യമെന്ന സിദ്ധി വിരലുകൾക്കു നഷ്ടപ്പെടുകയും ചെയ്തു. അഹന്താനാശപാഠം അക്കിത്തത്തിനു പഠിപ്പിച്ചു കൊടുക്കാൻ അട്ട, പേൻ മുതലായ ഗുരുക്കന്മാർ പോലുമുണ്ട്. ഭാഗവതത്തിലെ ഇരുപത്തിനാലു ഗുരുക്കളെപോലെ – നൂലട്ട രോഗിയുടെ വ്രണത്തിലെ രക്തം കുടിച്ചു കഴിഞ്ഞാൽ വൈദ്യൻ അതിന്റെ മുതുകത്തു കാലമർത്തി രക്തം പുറത്തു കളയുന്നു. വീണ്ടും വ്രണത്തിൽ പിടിപ്പിക്കുന്നു.

''ഇന്നറിവേൻ ആ വൈദ്യനീശ്വരൻ നൂലട്ട ഞാൻ

എന്നഹംഭാവം രക്തം ക്ഷണഭംഗുരം ജന്മം.''

'വിശിഷ്ടാതിഥി'യെന്ന കവിതയിൽ സ്പർശമണികൾ ലോകമെന്ന അമ്മയുടെ തലയിലെ പേനായി സ്വയം ചിത്രീകരിക്കുന്നു.

''ഞാനും കുടിപ്പു ദേവീ നിന്റെ തലയോടിലൂറും വിയർപ്പെണ്ണമയമോ,

ഞാനും ചൊറിച്ചൽ പകരുന്നുവോ മുടിയിലെൻ പ്രാണൻ കിടക്കുവാൻ

വേണ്ടി?

അമ്മേ! പൊറുക്കുകീ തിര്യക്പ്രകൃതിതന്നശരണാസ്തിത്വദൗർബല്യം''

തന്നെത്തന്നെ ലോകമാതാവിന്റെ ശിരസ്സിലെ ചോരയൂറ്റിക്കുടിക്കുന്ന പേനായി ചിത്രീകരിച്ചുകൊണ്ട് 'ചൂഷക'നായ അക്കിത്തം സ്വയം വിമർശനം നിർവഹിച്ചിട്ടുണ്ട് എന്ന് വിമർശകർക്ക് തങ്ങളുടെ വാദം സമർത്ഥിക്കാനൊരു വഴി ഒരു ചെറുചിരിയോടെ തുറന്നു കൊടുക്കാനും അക്കിത്തത്തിന്റെ അഹന്താത്യാഗവ്യഗ്രതയ്ക്കു മടിയില്ല. ഇതേ നറുചിരിയാണ് സിദ്ധാന്തപ്രതീകങ്ങളായ കൊടികളെ 'കീറത്തുണി'യെന്നു വിളിയ്ക്കുമ്പോഴുള്ള ധർമ്മരോഷത്തിന്റെ കൂടെയുള്ളതെന്ന് കാണാനുള്ള ഉൾക്കണ്ണ് ആസ്വാദകർക്ക് ഉണ്ടാവണം. ''പണ്ടത്തെ മേശാന്തി''യെ ഉണ്ണികൾ വളഞ്ഞുപൊതിഞ്ഞു കെഞ്ചി: ''എന്നെയുമാനപ്പുറത്തു കയറ്റണമെന്നെയുമെന്നെയുമെന്നെയുമെന്നെയും''. ''എന്റെ യല്ലെന്റെയല്ലിക്കൊമ്പനാനകളെന്റെയല്ലീ മഹാക്ഷേത്രവും മക്കളേ!'' എന്ന മറുപടിയിൽ അവയൊക്കെ 'എന്റെ'' യാണെന്നു നിനയ്ക്കുന്ന ഊരാളനോടുള്ള സ്പർധയും ഈർഷ്യയും അസൂയയും ധ്വനിക്കുന്നുവെന്ന് കവിതയെ അപപാരായണത്തിന്നിരയാക്കുന്ന ആസ്വാദകരുമുണ്ടാവും. 'എന്റെ' യെന്ന നിനവിൽനിന്നുള്ള പരമമോചനം കാംക്ഷിക്കുന്ന ഒരന്തരംഗത്തിന്റെ ആത്മാർത്ഥതയാണ് കവിതയ്ക്കായിത്തുറന്ന കാതുള്ളവർ അതിൽ കേൾക്കുക. കരിമ്പനകളും കുടപ്പനകളും തലയുയർത്തി ആകാശം കീഴടക്കി നില്ക്കുമ്പോൾ തെല്ലും അസൂയയില്ലാതെ, അവരെ അഭിനന്ദിക്കാൻ മടിയില്ലാത്ത ഒരു ''നിലപ്പന'യായി സ്വയം കാണാൻ ഇച്ഛിക്കുന്ന വ്യക്തിത്വമാണ് അക്കിത്തത്തിന്റെ കവിസ്വത്വത്തിന്നുള്ളത്. (നിലപ്പനയുടെ പാട്ട് – ആലഞ്ഞാട്ടമ്മ)

''പുലർകാലത്തെൻ ചുണ്ടിലിത്തിരി മഞ്ഞച്ചിരി
കിളരും നിർവേദമായ് മാനവാത്മാവാ ശൈത്യം
ചൂടിയാലായീ ദശപുഷ്പമാലയിൽച്ചേർത്തു
ചായലിൽ, നില്പൂ വരമ്പത്തെന്റെ വിനീതേച്ഛ.''

പ്രച്ഛന്നമായ അസഹിഷ്ണുതയായി ഇതിനേയും വ്യാഖ്യാനിക്കാൻ കരുത്തുറ്റ ഉരുക്കുനാക്കുകളുണ്ടായിക്കൂടെന്നില്ല. എന്നാൽ പിന്നീട് വർത്തിക്കുന്നത് കരിമ്പനകളുടേയും കുടപ്പനകളുടേയും ആത്മബലിവീര്യമാണ്.

''മരിച്ചേയ്ക്കാം നീയെങ്കിൽക്കൂടിയും മനുഷ്യർക്കു
പുരയ്ക്കു കഴുക്കോൽചീനാഞ്ചിയുത്തരമായി
ഭവിച്ചീടാവൂ ഭൗതികാവശിഷ്ടമെന്നല്ലോ
ഭവൽപ്രാർത്ഥന, കാലിൽക്കോടാലി വീഴുമ്പോഴും''

എന്ന് അഭിനന്ദിച്ചതിൻ ശേഷം ''നിന്റെ നട്ടെല്ലിൻ ബലമാരറിവൂ! നിൻ ത്യാഗത്തിന്റെ

മുമ്പിൽ ഞാനെത്രയശു!'' എന്ന് പറയുന്ന നിലപ്പനയുടെ ആരാധനാഭാവത്തിൽ അസഹിഷ്ണുതാസ്പർശമാരോപിക്കാൻ ഉരുക്കുനാക്കുകൾക്കും കഴിയുമോ? നിലപ്പനയുടെ പാട്ടിന്നുള്ള ധ്വനി അക്കിത്തത്തിന്റെ കവിപൂജകളിലും കേൾക്കാം– (വൈലോപ്പിള്ളി, ഇടശ്ശേരി, കുഞ്ഞിരാമൻനായർ, ജി മുതലായ കവിസുഹൃത്തുക്കളെപ്പറ്റിയും കവികളല്ലാത്ത അനേകം സുഹൃത്തുക്കളെപ്പറ്റിയുമുള്ള കവിതകൾ നോക്കുക.) 'അഹ'ത്തിന്റെ മുള്ളുകൾ അദ്ദേഹത്തിന്റെ പൂജാമലരുകളിലില്ല. എല്ലാം 'എന്റെ' എന്ന നിനവു വീർക്കുമ്പോൾ നട്ടെല്ലൊടിയുന്നതും എല്ലാം 'നിന്റെ' എന്ന് സ്നേഹത്തിന്റെ

കണ്ണീരുറവുപൊട്ടുമ്പോൾ നട്ടെല്ലു നിവരുന്നതും കവിയുടെ ദർശനസാരമായിരിക്കുന്നത്, ''ഇദം ന മമ'' എന്ന യജ്ഞതത്ത്വം മനോവാക്കർമ്മങ്ങളിലെല്ലാം അലിഞ്ഞുചേർന്നതുകൊണ്ടാണ്. (''നേട്ടവും കോട്ടവും'', ''ഇദം ന മമ''–സ്പർശമണികൾ)

സ്നേഹത്തിന്റെ ഉറവയിലേക്കു വേരോടിയ ഗാർഹികജീവിതത്തിന്റെ ഹരിതലാവണ്യം അക്കിത്തത്തിന്റെ കവിതയിൽ പടർന്നു പന്തലിച്ചിട്ടുണ്ട്. സ്വന്തവും അന്യവുമായ ഗാർഹികജീവിതചിത്രങ്ങൾ അദ്ദേഹത്തിന്റെ കവിതാസമുച്ചയത്തിൽ വലിയൊരു വിഭാഗമാണ്. മധുവിധു, മധുവിധുവിന്നുശേഷം, കരതലാമലകം മുതലായ സമാഹാരങ്ങളിൽ സ്വീയാനുഭൂതികൾ; അന്യഗാർഹികചിത്രങ്ങൾ

എല്ലാ സമാഹാരങ്ങളിലും വ്യാപിച്ചുകിടക്കുന്നു. പത്നീസ്നേഹവും അപത്യസ്നേഹവും 'നിമിഷക്ഷേത്രങ്ങ'ളെ ഐശ്വര്യതേജഃപൂർണമാക്കുന്നു.

ചാരമാമെന്നെ കർമ്മകാണ്ഡങ്ങളിൽ
ധീരനാക്കുന്നതെന്തൊക്കെയാണെന്നോ?
നിന്റെ രൂപവും വർണവും നാദവും
നിന്റെ പൂഞ്ചായൽ തൂകും സുഗന്ധവും
നിന്നിലെന്നും വിടരുമനാദ്യന്ത –
ധന്യചൈതന്യനവ്യപ്രഭാതവും
നിൻതളർച്ചയും നിന്നശ്രുബിന്ദുവും
നിന്റെ നിർമ്മലപ്രാർത്ഥനാഭാവവും

''ഗൃഭ്ണാമി തേ സൗഭഗത്വായ ഹസ്ത'' മെന്ന് മന്ത്രം ചൊല്ലി കൈപിടിച്ച ഒരുവൻ പത്നിയ്ക്കു നല്കാവുന്നതിൽ വെച്ച് ഏറ്റവും മുന്തിയ ഒരു ''വാഴ്ത്ത്'' നാമിവിടെ കേൾക്കുന്നു.

മാനസബന്ധങ്ങളെ ഭൗതികതലത്തിൽ ശാസ്ത്രീയവീക്ഷണത്തിന്നിണങ്ങുന്ന രീതിയിൽ ചിത്രീകരിക്കുന്നതും, മൃദുലഭാവതരളിതത്വത്തിന്നുള്ള യുക്ത്യതീതസൗന്ദര്യം അംഗീകരിക്കുന്നതും സമന്വയിക്കാൻ കഴിയുന്ന രതിഭാവസമീപനമാണ് അക്കിത്തത്തിന്റേത്. പ്രേമം എന്ന വികാരം വംശവർധനയെന്ന ലക്ഷ്യത്തോടുകൂടിയ ജന്മവാസനയാണെന്നത് ശാസ്ത്രീയവീക്ഷണം. അതോടൊപ്പം ഞാനെന്നബോധത്തിന്റെ ഉദയം മനുഷ്യമനസ്സിലുണ്ടായതോടെ ജന്തുസാധാരണമായ മൈഥുനേച്ഛയിൽ വമ്പിച്ച ഒരു പരിവർത്തനം വന്നുവെന്നും മമതാബന്ധവാസിതമായ വാടാത്ത താമരയായും സംരക്ഷണോത്കണ്ഠാപ്രകാശിതമായ കെടാത്ത സൂര്യനായും അതു വികസിച്ചുവെന്നും അദ്ദേഹം അഭിദർശിക്കുന്നു. പ്രേമത്തിന്റെ ഈ മഹത്തായ ഇതിഹാസം മാനുഷവികാരവികാസചരിത്രത്തിലെ വിവിധഘട്ടങ്ങളുടെ പശ്ചാത്തലത്തിൽ ഓരോ ചെറുരംഗങ്ങളിലായി അവതരിപ്പിച്ചിട്ടുണ്ട്, ‘വാടാത്ത താമരയും കെടാത്ത സൂര്യനും’ എന്ന കവിതയിൽ. ഒരു കാല്പനികസ്വപ്നമായിട്ടല്ല ജീവിതരതിയുടെ താമര വിരിയുന്നത്. ശാസ്ത്രീയയാഥാർത്ഥ്യത്തിന്റെ സൂര്യകിരണസ്പർശമേറ്റുംകൊണ്ടാണ്. പ്രേമത്തെ ആകാശത്തിൽനിന്നു ഭൂമിയിലേക്കിറക്കിക്കൊണ്ടുവരാനാണല്ലോ കാല്പനികവികളുടെ പിമ്പെ വന്നവർ തുനിഞ്ഞത്. അവരുടെ കൂട്ടത്തിൽ ഒരു പ്രമുഖാംഗമാണ് അക്കിത്തം. രതിക്കു പടർന്നുകയറാനവസരം നിഷേധിക്കപ്പെട്ടാലുളവാകുന്ന സ്ഫോടനം ‘മാധവിക്കുട്ടി’ യിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. പോലീസുകാരൻ പരമനെ പ്രേമിച്ച മാധവിക്കുട്ടി അയാൾ ഒരു വലിയ കുടുംബത്തിന്റെ നാഥനാണെന്നും പത്നിയേയും മക്കളേയും സ്നേഹിക്കുന്നവനാണെന്നും അറിയുന്ന നിമിഷത്തിൽ പൊട്ടിത്തെറിയ്ക്കുന്നു. ഒരു സിംഹിയെപ്പോലെ ചീറുന്നു. എന്നാൽ അയാളുടെ കണ്ണു നിറഞ്ഞതും അവൾക്ക് മിഥ്യാധാരണകളുണ്ടാക്കാൻ അയാൾ ഒരുമ്പെട്ടിട്ടില്ലെന്ന് വ്യഥിതനായതും കണ്ടതോടെ അവൾ ഒരു പേടമാനിനെപ്പോലെ പ്രശാന്തയാകുന്നു. സ്വാർത്ഥത്യാഗത്തിന്ന് സന്നദ്ധയുമാകുന്നു. സ്നേഹത്തിൻപേരിലുള്ള വിശുദ്ധത്യാഗം. ഉറ്റവരുടെ സ്നേഹകഥകൾ (ആത്മകഥ) ത്യാഗകഥകൾ (ഭാഗവരുടെ ഭാര്യ) സഹാനുഭൂതികഥകൾ (വിപ്ലവകവി) എന്നിങ്ങനെയുള്ള സാധാരണതകളെ കവി തീവ്രാവേശത്തോടെ ദിവ്യമാക്കി ഉയർത്തിയിട്ടുണ്ട്. ‘‘കടവും കടവും ഗുണനക്രിയയാൽ ധനമായ്ത്തീരുംപോലെ’’യാണ് അന്യോന്യസ്നേഹം ദുഃഖത്തെ സുഖമാക്കിമാറ്റുന്നത് (വിപ്ലവകവി). ഒരു തിര്യക്കിനോടുള്ള സ്നേഹത്തിൻപേരിൽ മനുഷ്യൻ തൂങ്ങിച്ചാവുന്നത് ലോകരീത്യാ സാധാരണമല്ല, വിരളമായ ഒരു സംഭവമാണ്. എന്നാൽ ദിവ്യമെന്ന് വിശേഷിപ്പിക്കാവുന്ന ആ സ്നേഹം തികഞ്ഞ യാഥാർത്ഥ്യബോധത്തോടെയാണ്

‘പശുവും മനുഷ്യനു’ മെന്ന കവിതയിൽ രൂപപ്പെടുത്തുന്നത്. ജീവിതസഖിയായിരുന്ന പൊന്നാരക്കാളിക്കുട്ടി കടിഞ്ഞൂൽ പ്രസവത്തിൽ മരിച്ചുപോയപ്പോൾ ഉണ്ണീരി ആകെത്തകർന്നു. അക്കാലത്താണ് ഒരു പൈക്കുട്ടിയുടെ സംരക്ഷണം ‘തമ്പുരാൻ’ ഏല്പിച്ചത്. ആ പൈക്കുട്ടിയായി പിന്നീടയാളുടെ സ്നേഹഭാജനം. ‘‘മൊഖാല’’ എട്ടു പെറ്റു. അവയെയും അവയുടെ മക്കളേയും ഉണ്ണീരി സംരക്ഷിച്ചു. മൊഖാല ‘ചാവാളി’ പയ്യായപ്പോൾ ‘തമ്പുരാൻ’ ചോദിച്ചത് ‘‘വിറ്റാലെന്തുകിട്ടുമിച്ചാവാളിക്ക്?’’ എന്നാണ്. വില്ക്കുകയോ? ഉണ്ണീരി പൊട്ടിത്തെറിച്ചു. ‘‘അതിന്നു മുമ്പ് അടിയന്റെ തൊണ്ടയെല്ലറുത്താട്ടെ’’. പക്ഷെ, ഉടമസ്ഥൻ അവളെ വിറ്റു. അന്നു രാത്രി ഉണ്ണീരി തൂങ്ങിച്ചത്തു. (പശുവും മനുഷ്യനും) ചിലപ്പോൾ ദിവ്യസ്നേഹത്തിന്റെ ആസുരമുഖങ്ങളും കവി കാട്ടിത്തരുന്നു. കന്യാദേവിയുടെ പ്രണയലോലതയ്ക്ക് മഹിഷാസുരമർദ്ദിനിയുടെ ചണ്ഡീത്വം മറ്റൊരു മുഖം(മഹിഷാസുരമർദിനി). ഇരുമ്പുപോലെ കഠിനമായ ഉള്ളാണെന്നു പഴിക്കപ്പെട്ടവന്റെ സ്നേഹത്തിന്ന് അഗ്നിയിൽ പഴുത്ത കൊടിലിന്റെ ചൂടുണ്ടെന്ന് അത്ഭുതപ്പെടുത്തുന്ന കവിതയാണ് ‘‘ഇരുമ്പിന്റെ കണ്ണീർ’’. പ്രണയബന്ധങ്ങളെ ലാഘവത്തോടെയും നർമ്മബോധത്തോടെയും കൈകാര്യം ചെ യ്യുന്ന രീതിയും അക്കിത്തത്തിന്റെ കവിതകളിലുണ്ട്.‘‘അഞ്ചും തികഞ്ഞവൻ’’ അക്കൂട്ടത്തിലൊന്നാണ്. അഞ്ചു സ്വയംകൃതാനർത്ഥങ്ങളിലൊന്നായ ‘ഇരുപരിഗ്രഹ’ങ്ങളുടെ കഥ. ജാനുവെ പരിഗ്രഹിച്ച് സേവിച്ചു വാണകാലത്താണ് കല്യാണി കാൽ തെറ്റി മുന്നിൽ വീണത്. വീണോരെത്താങ്ങണമെന്ന പ്രമാണത്തിൻ പേരിൽ അവളെ താങ്ങിയെണീപ്പിച്ചു. ഇതു കണ്ട ബഹുജനം വെറുതെ വിടുമോ? ഗൂഢാനുരാഗബന്ധം പണ്ടേയുണ്ടായിരുന്നുവെന്നു നാട്ടിൽ പാട്ടായി. അതൊഴുകിപ്പരന്നപ്പോൾ ജാനുതന്നെ പറയുന്നു.

നെഞ്ഞുറപ്പുണ്ടെങ്കിലാവതും വേഗം
നിങ്ങളിപ്പെണ്ണിന്നുടുപുട നല്കൂ
ആണിന്റെ ഭാര്യയെന്നെങ്കിലും മേലാ–
ലാനന്ദമെന്നിലഹങ്കരിക്കട്ടെ

ഈ ത്യാഗബുദ്ധി അലോകസാധാരണമാണ്. എങ്കിലും
യാഥാർത്ഥ്യം പോ ലെ വർണ്ണിക്കാൻ അക്കിത്തത്തിന്ന് നമ്പൂരിശ്ശങ്കയുണ്ടായില്ല.
രതിയോടുള്ള അകാല്പനികവീക്ഷണം ഭക്തി മുതലായ സമാനഭാവങ്ങളോടുമുണ്ട്. മനുഷ്യമനസ്സിൽ ഭക്തിക്കുള്ള അധീശശക്തിയെ ഏറ്റവും വലിയ യാഥാർത്ഥ്യമായിക്കാണുന്നതിൽ ശാസ്ത്രബോധമോ യുക്തിവാദമോ

അക്കിത്തത്തിന്നു തടസ്സമല്ല. ഭക്തി അന്ധവിശ്വാസമാണെന്നു വാദിക്കുന്ന ചെറുപ്പങ്ങളെ കിഴുക്കിയിരുത്താൻ മടിക്കാറുമില്ല. 'ശാസ്ത്രം' എന്ന കവിതയിൽ (സ്പർശമണികൾ) ജപമാലയിലെ മണികളെണ്ണി ജപിക്കുന്ന വൃദ്ധനെ ശാസ്ത്രതത്ത്വം പഠിപ്പിക്കാൻ യുക്തിവാദിയായ ചെറുപ്പക്കാരൻ ഒരുങ്ങുന്നു. വൃദ്ധന്റെ മേൽവിലാസക്കാർഡിൽ കണ്ടത് 'ലൂയി പാസ്റ്റർ' എന്ന പേരാണ്! അയാളുടെ കണ്ണുതള്ളിപ്പോയി! ഭക്തിതത്ത്വം അംഗീകരിക്കുന്നതും, ഏത് കാവിക്കാരന്റെ കപടഭക്തിക്കുമുമ്പിലും പൂവിടുന്നതും ഒരുപോലല്ല. പ്രച്ഛന്നവേഷങ്ങളുടെ ഉള്ളുകള്ളികൾ പുറത്താക്കാൻ അക്കിത്തം മുന്നിലുണ്ട്. കുട്ടപ്പൻ എന്ന കോമരത്തിന്റെ കഥ ഒരു ഉദാഹരണം. കുണ്ടുണ്ണി എന്ന അന്ധന്റെ ജ്വലിക്കുന്ന ദുഃഖത്തിൽ പഴയ ക്രൂരകളായ മാതൃദേവതകളുടെ വിളയാട്ടങ്ങളോടുള്ള ഭക്തി ഹോമിക്കാൻ ശങ്കിക്കുന്നില്ല – പ്രാതിനിധ്യം അവകാശപ്പെടുന്ന കോമരങ്ങളുടെ ചെകിട്ടത്തടിക്കാൻ വെമ്പുന്നു ആ കഥാപാത്രം – അന്ധതയുടെ ദൈന്യത്തോടാണ് കോമരം ''കല്പി''ക്കുന്നത്:

''മരണപ്പായിൽനിന്നെന്നെ വിളിക്കെപ്പാഞ്ഞുവന്നുഞാൻ
പ്രത്യേകിച്ചും വേലചെയ്തു പരിരക്ഷിച്ചിതുണ്ണിയെ.''

'അതുപോരെയോ?' എന്ന ചോദ്യത്തിന്ന്'' മതിയേ ജഗദീശ്വരി'' എന്നുത്തരം പറയുന്ന പെറ്റമ്മയെ ഓർത്തിട്ടാണ്, അവന്റെ ചെകിടത്തൊന്നു കൊടുക്കാൻ തരിക്കുന്ന കയ്യിനെ അയാൾ വല്ലപാടും നിയന്ത്രിച്ചത്. അന്ധനായിപ്പോയതുകൊണ്ടുതന്നെ പിന്നീട് പല സൗഭാഗ്യങ്ങളും വന്നണഞ്ഞു. ഈ വൈരുദ്ധ്യം അയാളുടെ ആസ്തിക്യത്തിന്ന് അമ്മയോടുള്ള സ്നേഹത്തിന്റെ ആർദ്രതയുളവാക്കുന്നു. ഭക്തിയേയും ഹിന്ദുമതത്തേയും ലാഘവബോധത്തോടെയുള്ള ചിരിക്ക് ഇരയാക്കാനും മതമൗലികവാദത്തിൻപേരിൽ പഴിക്കപ്പെട്ടിട്ടുള്ള കവി ശങ്കിച്ചിട്ടില്ല. ''കാട്ടമ്പലത്തിൽ'' (സ്പർശമണികൾ) എന്ന കവിതയിൽ ദേവൻ പ്രത്യക്ഷപ്പെട്ട് ഭക്തനെ ഉപദേശിക്കുന്നു: വിഗ്രഹം പുഴക്കിയെടുത്തു വിദേശീയർക്ക് വിറ്റ് കിട്ടുന്ന പണംകൊണ്ട് ക്ഷേത്രത്തിന്റെ ജീർണോദ്ധാരണം നടത്തുക എന്ന്. പുതിയ വിഗ്രഹങ്ങൾ നിർമ്മിക്കാൻ ഇപ്പോഴും ശില്പികളിവിടെയുണ്ടല്ലോ. സ്നേഹഭക്തികൾപോലെ നിറഞ്ഞുതുളുമ്പുന്ന വാത്സല്യമെന്ന മൃദുലാർദ്രഭാവത്തിന്ന് അക്കിത്തത്തിന്റെ കവിതകളിൽ സാകല്യേന പ്രാമുഖ്യമുണ്ട്. കുട്ടിക്കവിതകളെന്ന പ്രത്യേകവിഭാഗത്തിലെ കവിതകൾ കുട്ടികളേയും മുതിർന്നവരുടെ ഉള്ളിലൊളിച്ചിരിക്കുന്ന കുട്ടികളേയും ഒരുപോലെ രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നവയാണ്. ആശയങ്ങൾക്ക് സങ്കീർണതയോ കാലുഷ്യമോ ഇല്ല. അവ 'കാലുഷ്യ' ഭാവം കുട്ടികളിലുണർത്തുകയുമില്ല. ആദിത്യസ്തോത്രംകൊണ്ടു

തുടങ്ങുന്നു–സൂര്യനും സൂര്യന്റെ കീഴെയുള്ള എന്തും പ്രതീകമാകാമെന്നും, പ്രതീകങ്ങളുടെ ധ്വനികൾ ബാല്യകൗമാരങ്ങൾക്കും ഗ്രഹിക്കാൻ കഴിയത്തക്കവണ്ണം ലളിതമാക്കാൻ കഴിയുമെന്നും കുട്ടിക്കവിതകൾ തെളിയിച്ചിട്ടുണ്ട് – തിടമ്പേറ്റുന്ന ആനയെപ്പോലെ രവിയെ മുതുകിലേറ്റുന്നു കിഴക്കൻ മാമല. പഞ്ചേന്ദ്രിയങ്ങളെ പാവനമാക്കാനുള്ള അർത്ഥനയാണ് 'വിദ്യതരിക', പ്രാർത്ഥന കേൾക്കുന്ന ഈശ്വരൻ തമ്പുരാനെന്നപേരിലും പടച്ചോനെന്നപേരിലും അറിയപ്പെടുന്ന അഭിഗമ്യനാണ് – നെയ്യലുവകൊണ്ടുവരുന്ന വത്സലനായ അച്ഛൻ 'കാത്തിരിപ്പിൽ' പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. കാടും കടലും വാരിക്കുഴിയും കാണാൻ പോയ കുട്ടികൾ കാണുമെന്നു പ്രതീക്ഷിക്കുന്നത് കാണുന്നില്ലെന്ന അവസ്ഥ അവർക്ക് എളുപ്പത്തിൽ മനസ്സിലാവും. അവർ മുതിരുമ്പോൾ ഇച്ഛകളും സാക്ഷാത്കാരങ്ങളും തമ്മിലുള്ള നികത്താനാവാത്ത അകലത്തിന്റേയും വൈരുധ്യത്തിന്റേയും ദർശനം അവർക്കു തെളിഞ്ഞുകിട്ടുകയും ചെയ്യും. കാവൽക്കുട്ടിയുടെ ഉച്ചത്തിലുള്ള കരച്ചൽ, കാര്യം നേടാൻ കരച്ചിലുപകരണമാക്കുന്ന കുട്ടികളുടെ ഉള്ളിൽത്തട്ടും. കരച്ചൽ തന്ത്രമാക്കുന്ന കർമ്മശൈലി ആത്മപരിശോധനക്കു മുതിർന്നവരെ പ്രേരിപ്പിക്കുകയും അതിൻപേരിലൊരു ചിരിചിരിക്കാനവർക്കവസരം നല്കുകയും ചെയ്യും. വേല കാണാനുള്ള ആക്കവും മുത്തച്ഛന്റെ വിലക്കും കുട്ടികൾക്കൊക്കെ പരിചിതം. മുതിർന്നവർക്കോ? അദമ്യമായ സുഖതൃഷ്ണയും അകക്കളത്തിൽ തോട്ടിയിട്ടു പിന്നോക്കം വലിക്കുന്ന വിജ്ഞവൃദ്ധനും (ഠവല ംശലെ ീഹറ ാമി എന്ന ആദിപ്രതീകം) തമ്മിലുള്ള ഏറ്റുമുട്ടൽ. 'കിളിവേട്ട'യിൽ വലിയവരുടെ റോളുകൾ വഹിക്കാനുള്ള കുട്ടിക്കൊതിയുടെ ഗൗരവം പൂണ്ട ഒരുക്കവും 'സാസൂ'മിണ്ടാനാവാതെ തലതാഴ്ത്തുന്ന പരിണാമവും ഗൗരവത്തെ അംഗീകരിക്കുന്ന വലിയവരുടെ സഹകരണനാട്യവും, ഇച്ഛാഭംഗത്തിന്മേലിടുന്ന മൂടുപടത്തിന്റെ നേർമ്മക്കുള്ള ചാരുതയോതുന്ന ശാരികയാണ്. പിഞ്ചുപൈതലിനെ കാത്തുരക്ഷിക്കുന്ന കുട്ടിക്കാരണവരുടെ ''ഭാരവാഹിത്വ'' ത്തിന്നുള്ള കനം വളകൾ വില്ക്കുന്നവനോടുള്ള യാചനയിൽ എത്രമേൽ വൃത്തമൊത്തിരിക്കുന്നു! വൃത്തിയ്ക്കൊത്തിരിക്കുന്നു! ''ഇല്ലാത്ത''വരുടെ കുടിലിന്റെ ഒരു തെളിമയേറിയ ചിത്രം ധ്വനിയായി ഉരുത്തിരിയുന്നു. മുത്തങ്ങക്കഷായം കുടിക്കാതെ കഴിക്കാൻ വേണ്ടി വിദ്യകണ്ടെത്തുന്ന കുട്ടിക്കുറുമ്പ് മണ്ണിലുറച്ചുപോയ മുത്തശ്ശിയെപ്പൊക്കാൻ ആളെക്കൂട്ടുന്നു. ആ തന്ത്രം വലിയവരേക്കാൾ വേഗത്തിൽ കുട്ടികൾ ഗ്രഹിക്കും. പൂച്ചക്ക് കാടനെന്ന പുല്ലിംഗശബ്ദത്തിന്റെ അപരാർത്ഥം കൊണ്ടുള്ള കളിയും കുട്ടികൾക്കു ഏറെരസിക്കും. ഭാഗ്യച്ചീട്ടുകൊത്തിയെടുക്കുന്ന കിളിയുടെ നിർഭാഗ്യത്തിലലിയുന്ന ഇളം

മനസ്സിന്റെ ആർദ്രത 'പക്ഷിശാസ്ത്ര'ത്തിൽ തുളുമ്പുന്നു. പട്ടണപ്പേരുകളുടേയും (പൊരുളറിയില്ല) ജാതിപ്പേരുകളുടേയും പേരിൽ (കുട്ടപ്പന്റെ കുസൃതി) ചിരിപ്പിക്കുന്ന കവിതകൾ വാക്കുകളിലെ കളികൾ ഉള്ളിൽക്കടന്നു കാണാൻ വേണ്ടുന്ന കൗമാരകൗതൂഹലങ്ങളുണർത്തുന്നു. തപസ്സിരിക്കുന്ന പൊന്മയുടേയും, ചേരയുടേയും ലാക്ക്; കൂണെന്ന കുടയുടെ പത്രാസ്; മുല്ലപ്പന്തലിലെ വെമ്പാല; പാപ്പാത്തിയ്ക്കു പട്ടുപാവാട കിട്ടിയപ്പോഴത്തെ ഊറ്റം; കൊല്ലപ്പിറവിയുടെ ഇല്ലത്തിരക്ക്; മഴമുകിലിന്റെ ഉയർന്നവനെന്ന ഭാവം; പാവ, പോക്കാച്ചിത്തവള, പനിനീർപ്പൂവ്, അമ്പിളിയമ്മാമൻ, കടല്, അരിപ്രാവ്, പാറ്റകൾ മുതലായവയോടുള്ള ശൈശവസല്ലാപം; തെക്കൻകാറ്റിന്റെ തേരിൽ എത്തുന്ന പോത്തൻ മഴക്കാറ്; കാലമെന്ന വേതാളം; വല്യേടത്തിയുടെ ചിരി; അക്കരപ്പച്ച; അല്ലിമലർക്കാവിലെ കൂത്തുകാണാൻ പോയ ഉണ്ണി; ഇന്ത്യൻ കുട്ടിയുടെ പാട്ട്, നെഹ്റുവിന്റെ പൂവ്, തട്ടിപ്പറിക്കുന്ന കാട്ടാളത്തവും അടങ്ങിയൊഴിയുന്ന മനുഷ്യത്വവും (യഥാക്രമം കാട്ടാളത്തത്തിന്റേയും മനുഷ്യത്വത്തിന്റേയും) ചിറകാർന്ന അവതാരങ്ങൾ പൂണ്ട കുയിലും കാക്കയും; കാശിക്കുപോയ പൂശാരിരാമൻ; (അതിലെ ശകാരക്കളി കുട്ടികൾക്ക് ഏറെ രസിക്കും) കോരപ്പന്റെ വീട്ടിലെ കൊതുകുകടിയും കൂർക്കം വലിയും (കടകോലിന്മേൽ തുടിയിന്മേലും കയറുകളുരയും ചേലോടെയാണ് കൂർക്കംവലി); കോവർക്കഴുതയുടെ നിഷ്ഫലജന്മം; മീശക്കുവേണ്ടിയുള്ള ആശയും ആധിയും പെരുത്ത പപ്പൻ (കാലമെത്തും വരെ കാക്കാനാവാത്ത എല്ലാ മുതിർന്നവരുടേയും ദൈന്യങ്ങൾ); ആനിക്ക് ആനപ്പെണ്ണെന്നും കാളിയ്ക്ക് കാളപ്പെണ്ണെന്നും അർത്ഥം കല്പിച്ച് അന്യോന്യം പൊരുതി ആനിയും കാളിയും വെകിളി പിടിച്ച കാള കുത്താനെത്തിയതോടെ ആലിൻ പൊത്തിൻ ശ്വാസം വിടാതെ കെട്ടിപ്പിടിച്ചിരുന്ന കഥ (അന്യോന്യം കലഹിക്കുന്ന വ്യക്തികളും സമുദായങ്ങളും രാഷ്ട്രങ്ങളും പൊതുശത്രുവരുമ്പോൾ ഒന്നാവുന്ന പ്രതിഭാസം മുതിർന്നവർക്കും ഈ കവിത പഠിപ്പിച്ചുകൊടുക്കും); കാശിനെട്ടാണ്കാഷ്യൂനട്ടായതെങ്കിൽ, അത് കാശിനൊന്നാവുന്ന വിലക്കയറ്റക്കാലത്ത് കാഷ്യൂനൊന്നാവണമെന്ന് നിശ്ചയിക്കുന്ന കുട്ടിലോജിക്ക്; ആലങ്ങാട്ടെ കരിമ്പുനീരാറ്; ദേശീയസമ്പാദ്യപദ്ധതിയുടെ പ്രചാരണമെന്ന തോന്നലുണ്ടാക്കാതെ പ്രചാരണം നിർവഹിക്കുന്ന കാറുകഥ (വൈലോപ്പിള്ളിയുടെ 'വ്യാക്കൂൾ' എന്ന കുടുംബാസൂത്രണപദ്ധതിപ്രചാരണകവിതയെ അനുസ്മരിപ്പിക്കുന്നു); ആനയുടെ ഓർമ്മപ്പെരുമയും സ്നേഹപ്പെരുമയും; ഡ്രൈവർ ക്കുളന്തയുടെ ബുദ്ധിശക്തി; ആനയുടെ വയറ്റിൽ പിണ്ടിയുരുട്ടുന്ന അയ്യർവാൾ; ആനപ്പുറത്തുവാണ ഉണ്ണിയെ കാണാത്തവർ ആനപ്പുറത്തുനിന്നു വീണ ഉണ്ണിയെ കണ്ട

കഥ (ആരുടേയും ഉയർച്ചകൾ കാണാൻ കഴിവില്ലെങ്കിലും വീഴ്ചകൾ കാണാൻ കണ്ണുകളുള്ള അസൂയാലുക്കളെ മുതിർന്നവർക്കു പരിചയം കാണാതിരിക്കില്ല); 'അതുപറഞ്ഞാൽ സൂചികിട്ടുമോ?'' എന്ന കുട്ടിക്കളിയുടെ അത്ഭുതാവതാരകവിത; മനയ്ക്കലെ പൈക്കളെ മേക്കാൻ പോയ ചാത്തുവിന്റെ മുത്ത്യേമയ്ക്ക് അവനെ കാണാഞ്ഞുള്ള ചങ്കിടിപ്പിന്റെയും കണ്ടെത്തുമ്പോഴുള്ള പൊട്ടിച്ചിരിയുടേയും കഥ (അവന് അമ്പാടിക്കണ്ണന്റെ നിറം കൊടുത്തതിൽ ചിലർ മതപക്ഷപാതത്തിന്റെ നിറം കണ്ടുപിടിച്ചു!! പൊങ്ങിയും താണും പുഴയിലൊഴുകുന്ന ചാത്തുവിന്റെ അന്ത്യയാത്രയുടെ വർണനം കൊണ്ടുള്ള പേടിപ്പിക്കലും, മാവിൻ കൊമ്പത്തിരിക്കുന്നതു കാട്ടിക്കൊടുക്കുമ്പോൾ മുത്ത്യേമയ്ക്കുണ്ടാവുന്ന ആശ്വാസത്തിന്റെ ചൊടിക്കലുംകൊണ്ട് ശില്പഭദ്രത നിറഞ്ഞ ഈ കവിത അക്കിത്തത്തിന്റെ കുട്ടിക്കവിതകളിൽ വേറിട്ടു നില്ക്കുന്നു. നാടൻ പാട്ടിന്റെ ഈണത്തിൽ കീഴാളരുടെ നിലനില്പിന്റെ കദനഭാരം വിങ്ങിപ്പൊട്ടുന്ന ഈ കവിതയിൽ അവരുടെ മൊഴിവഴിയുടെ ഇണക്കം ഭാവധ്വനനത്തിനുള്ള കരുത്തുറ്റ ഉപായമായി ഉപയുക്തമായിട്ടുണ്ട്. കീഴാളരുടെ ജീവിതം ചിത്രീകരിക്കുന്ന മറ്റു കവിതകളുടെ കൂട്ടത്തിലും ഇതിന്ന് സമുന്നതസ്ഥാനമുണ്ട്.) അമ്പലപ്പുഴപ്പാൽപ്പായസത്തിന്റെ മധുരച്ചിരി, ഒറ്റ രാത്രികൊണ്ട് കവുങ്ങായി വളരുന്ന അടക്കയെന്ന കളവുമുതൽ മടിക്കുത്തിലിരുന്നുകൊണ്ട് ഏല്പിക്കുന്ന മനസ്സാക്ഷിക്കുത്ത്; (അടക്കമടിയിൽവെക്കാം, കവുങ്ങോ?) കാണേണ്ടുംപോലെ കാട്ടാത്ത കണ്ണാടയുടെ ചതിയിൽ കുടുങ്ങാത്ത കുട്ടി; ഓലപ്പീപ്പിയുടേയും ഓടക്കുഴലിന്റേയും അന്തര്യാമിയായ ഏകപ്രാണൻ (ജീവാത്മാക്കളിലെല്ലാം ഒരേ പരമാത്മാവുപോലെ); പ്രാവിന്ന് ഒരു നാൾ അന്നം കൊടുക്കുന്ന കുട്ടിയുടെ മുൻകരുതലുള്ള ഔദാര്യം; കാട്ടിലെപ്പൂക്കളുടെ വിളികേൾക്കുന്ന കുട്ടികൾ; കടലാസ്സുവഞ്ചികളുടെ വിളികേൾക്കുന്ന കുട്ടികൾ; ഓടക്കുഴൽവിളികേട്ട് നില്പുറക്കാതായ ഗോപകുമാരൻ; കുട്ടിക്കാലത്തെ കവണക്കല്ലേറുകളിൽ കൊല്ലപ്പെട്ട കുരുവിക്കുഞ്ഞിന്റേയും തത്തമ്മയുടേയും ഓർമ്മകൾ വേട്ടയാടുന്ന ഹൃദയം; അയ്യപ്പൻവിളക്കിന്റെ വിളികേട്ടു വെമ്പുന്ന കുട്ടി അമ്മയുടെ ചമയം കഴിയാത്തതിനാൽ കാത്തിരുന്നു നരച്ചുകുരച്ചു വൃദ്ധനാവുന്ന കഥ; പേരക്കിടാവിനെ സങ്കല്പത്തിൽ ലാളിച്ചു പോറ്റുന്ന മുത്തച്ഛന്റെ ഉന്മാദത്തിൽ മരണമില്ലാതെ വാഴുന്ന സ്നേഹത്തിന്റെ പാട്ട്; നെയ്യിൻ കൂനക്കുള്ളിൽ കാണാനാവാത്ത തൃശ്ശൂരപ്പനും കണ്ണുനിറയെക്കണ്ട തൃശ്ശൂർ പൂരവും; കുട്ടിയെ ഞെട്ടിക്കുന്ന കള്ളൻ; നാഴികവട്ടയുടെ അത്ഭുതക്കണക്ക്.... ഇങ്ങിനെ വൈചിത്ര്യവൈവിധ്യങ്ങളാർന്ന

വിഷയങ്ങളും താളലയഭംഗികളും ശ്വാസംപോലെ തനിയെ ഊർന്നുവരുന്ന പ്രാസഘടനയും, ഭാവഘടനാചാരുതയും,ചിന്താഗുരുതയാർന്ന വസ്തുധ്വനികളും നാടോടിപ്പാട്ടിന്റെ ഘടനകൾക്കുള്ള ആവർത്തനസ്വഭാവവും അക്കിത്തത്തിന്റെ കുട്ടിക്കവിതകളെ ഭാസുരരചനകളാക്കുന്നു. കുട്ടിക്കവിതകൾക്ക് സ്വന്തമായ ഒരാകാശവും ഭൂമിയുമൊരുക്കിയിട്ടുണ്ട് അദ്ദേഹം. പഴഞ്ചൊല്ലുകൾ, നാടോടിക്കഥകളുടെ വിസ്മയാവഹമായ അയുക്തികത, നാടോടിഗാനങ്ങളുടെ ഈണങ്ങളുടേയും വാമൊഴികളുടേയും ചേരുവ, വാക്കുകൾകൊണ്ടുള്ള കളികൾ, പ്രാദേശികമായ ഐതിഹ്യങ്ങൾ, കെട്ടുകഥകൾ എന്നിവയൊക്കെ ഉപയുക്തമാക്കി ബാല്യകൗമാരങ്ങളെ ആകർഷിക്കാനും അവർക്ക് രചനകൾ ആലാപനരമണീയമായി അനുഭവപ്പെടുത്താനും അദ്ദേഹത്തിനു കഴിഞ്ഞിരിക്കുന്നു. പുറമേക്ക് അസംബന്ധ രചനകളായിരിക്കെ അകമേ ആലോചനാമൃതമായ ആശയഘടനയുടെ ഒരു തലം നിബന്ധിക്കാനും പ്രായേണ മനസ്സിരുത്തുന്നു. ‘കണ്ണൻ ചിരട്ടയ്ക്കു പല്ലുവന്നൂ’ പോലുള്ളവയല്ല അസംബന്ധാത്മകസങ്കല്പങ്ങൾ. ഉള്ളിലൊരു ‘വിത’യുള്ള കവിത എന്ന് കുഞ്ഞുണ്ണിശൈലിയിൽ പറയാം.

കുട്ടിക്കവിതകളിൽ മാത്രമല്ല നാടോടിപ്പാട്ടുകളുടെ വാമൊഴിഘടനയും രചനാശില്പവും സ്വീകരിച്ചിട്ടുള്ളത്. ‘ആലഞ്ഞാട്ടമ്മ’ പോലുള്ള കൃതികളിലും ‘സ്പർശമണികളി’ലും മറ്റും കഥാഘടനയിൽ നാടോടിക്കഥാശില്പമാതൃകയുണ്ട്. ദളിതസമുദായങ്ങളുടെ വാമൊഴിമാത്രം ഒരു ഫാഷനുവേണ്ടി സ്വീകരിക്കുകയല്ല ചെയ്യുന്നത്. അവരുടെ ജീവിതത്തിലലിഞ്ഞുചേരുവാൻ സഹായിക്കുന്ന വിധത്തിൽ വർഗവർണബോധങ്ങൾ ജീർണവസ്ത്രം പോലെ ഊരിയെറിയാനും കീഴാളരുടെ അവസ്ഥകളോട് സാത്മ്യം പ്രാപിക്കാനും അദ്ദേഹത്തിന്നു കഴിയുന്നു. ‘കുതിർന്ന മണ്ണ്’ എന്ന ഖണ്ഡകാവ്യത്തിൽ നാടോടിപ്പാട്ടിന്റെ ശില്പമില്ല – എന്നാൽ ദളിതജീവിതത്തോടൊന്നായിച്ചേർന്ന് അവരുടെ ഉള്ളിൽ നിന്നെണീറ്റു വരുന്ന വക്താവായിത്തീരാൻ വേണ്ടുന്ന ആത്മീയമായ ഏകീഭാവമുണ്ട്. ‘പുത്തൻകലവും അരിവാളും’ എന്ന കവിതയിലെ കഥയ്ക്കൊരു പാഠഭേദമാണ് ‘കുതിർന്ന മണ്ണി’ലുള്ളത് – കോരനെന്നകർഷകനും കുടുംബവും തമ്പുരാന്റെ മണ്ണിൽ പണിയാൻ ചോരനീരാക്കി.

ആരോ പാടത്തു ചാലുകൾ കീറി
ആരോ വിത്തിട്ടു പൊൻപൊടിമണ്ണിൽ
ആരോ നീക്കി കളകളെ, കൊയ്യാ–
നാരോ പുന്നെൽക്കുലകളെ നാളെ

എന്ന വൈരുദ്ധ്യം എക്കാലത്തും കോരന്റെ ഉള്ളിൽ തേങ്ങലായി പൊങ്ങിയിരുന്നു. അങ്ങിനെയിരിക്കെയാണ് ''സ്വാതന്ത്ര്യം'' കിട്ടിയെന്നു കേട്ടത്. അതിന്നർത്ഥം,

താനിപ്പാടത്തു ചാലുകൾ കീറും
താനേ വിത്തിടും പൊൻപൊടിമണ്ണിൽ
താനേ നീക്കും കളകളെ കൊയ്യും
താനേ പൂന്നെൽക്കുലകളും നാളെ

എന്നാണെന്ന് കോരൻ വ്യാമോഹിച്ചു. ക്ഷാമം വരികയും അരിക്കുപകരം കമ്പം തിന്നു ചോരപോക്കുദീനം പിടിപെട്ട് കിടക്കുന്ന ഓമനമകൾ നീലി ''തൊള്ളിക്കഞ്ഞീന്റെ തൊള്ളേലൊയിച്ചേ'' എന്നു കരയുകയും ചെയ്തപ്പോൾ തമ്പുരാൻ സഹായിച്ചില്ല. സ്വാതന്ത്ര്യത്തിനുശേഷം നാടൻ ഭരണാധികാരികൾ വന്നപ്പോൾ സായിപ്പിന്റെ പത്തൗൺസ് റേഷൻ ആറൗൺസായിച്ചുരുങ്ങുകയാണുണ്ടായത്. കമ്പം തിന്നാൽ തടിക്കുമെന്ന് മന്ത്രി കൊമ്പൻ മീശ തലോടിക്കൊണ്ട് അരുളിച്ചെയ്തു – കോരന്മാരല്ല അപ്പോഴും കൊയ്ത്തിന്നുടമകൾ. കോരൻ യാഥാർത്ഥ്യം തിരിച്ചറിഞ്ഞു.

ഏറെ വർഷമായ് ചേറാണ്ടുപൂട്ടി
ചോറുണ്ണാതെ കരഞ്ഞിടും വംശം
കമ്പം തിന്നു വയറുന്തി വിങ്ങി
കട്ടച്ചോരപോയ്ക്കൂനിയ വംശം
കോരന്മാരുടെ വംശം ഈ നാട്ടിൽ
ഭൂരിപക്ഷമാം കർഷകവംശം–

അവരെല്ലാം ചേർന്ന് തമ്പുരാന്റെ സൗധത്തിലെത്തി ഗർജിച്ചു: 'വെക്കവിടെ താക്കോൽ'– 'ചത്തുപോകുമടിയന്റെ നീലി'യെന്നു കരഞ്ഞു പറഞ്ഞപ്പോൾ ചത്താൽ കോരന്നതാശ്വാസമല്ലേ?'' എന്നു ചോദിച്ച തമ്പുരാന്റെ വർഗത്തോട് നേരിട്ടു പൊരുതാൻ കോരനും കൂട്ടുകാരും ഉറച്ചിരുന്നു – തൽക്കാലം തമ്പുരാൻ താക്കോലു വെക്കുകതന്നെ ചെയ്തു. പത്തായം വെട്ടിപ്പൊളിച്ച് പൂത്തധാന്യം പുറത്തെടുത്ത് അവർ പങ്കിട്ടുകൊണ്ടുപോയി. എങ്കിലും അവരുടെ വിജയത്തിന് അല്പായുസ്സായിരുന്നു. കർഷകച്ചേരികളിലെ കുടിലുകളെല്ലാം അഗ്നിക്കിരയാവുന്നു – കാക്കിക്കുപ്പായക്കാർ ചേരിയിൽ നിരന്നു നില്ക്കുന്നു. എതിർത്ത കോരന്നും കൂട്ടുകാർക്കും കിട്ടിയ മറുപടി വെടിയുണ്ടകളായിരുന്നു. അവരെല്ലാം പിറന്നമണ്ണിൽ മരിച്ചു വീണു. ഈ പരിണാമം മുൻകൂട്ടിക്കണ്ടിട്ടാണല്ലോ ''അധികാരം കൊയ്യണമാദ്യം നാം'' എന്ന് ഇടശ്ശേരിയുടെ കോമൻ നിശ്ചയിച്ചത്. ദുരന്തതീവ്രതയുടെ വിപരീതോദാഹരണത്തിലൂടെ അക്കിത്തം ആ

തത്ത്വത്തെ ത്തന്നെ പിന്താങ്ങുന്നു. കവിയുടെ സഹാനുഭൂതി ഖദറു കുപ്പായമണിഞ്ഞ തമ്പുരാൻ വർഗ്ഗത്തോടല്ല, കർഷകത്തൊഴിലാളികളോടാണ് എന്ന് 'ഇതിഹാസ'വിമർശകർ ഗ്രഹിക്കേണ്ടതാണ്. കർഷകത്തൊഴിലാളികളെ വെടിയുണ്ടയ്ക്കൂണാക്കുന്നവർ, ജന്മിമാരല്ല, പില്ക്കാലത്ത് ഭൂനയബില്ലിന്റെ ബലത്തിന്മേൽ ജന്മിപ്പേരില്ലെങ്കിലും കൃഷിഭൂമിക്കുടമകളായി മാറിയ പാട്ടക്കാരാണ് എന്നു വന്നാലും കവിയുടെ

സഹാനുഭൂതി തൊഴിലാളികളോടുതന്നെയായിരിക്കുമെന്നും വ്യക്തം. 'കുതിർന്നമണ്ണ്' എന്ന കവിതയിൽ ഉള്ളത് കേരളീയ ചരിത്രവസ്തുതയല്ല; സങ്കല്പമാണ്. പക്ഷേ ഇത് ഇന്ത്യയിൽ വേറെ ചിലേടത്ത് സംഭവിച്ചിട്ടുണ്ട്. സങ്കലപത്തിൽ കവിചേതസ്സ് എങ്ങോട്ടു ചായുന്നു എന്നു മാത്രമാണ് ചൂണ്ടിക്കാട്ടുന്നത്–കർഷകത്തൊഴിലാളികൾ കലാപത്തിന്നിറങ്ങിയാൽ സംഭവിക്കാവുന്നതാണ് സങ്കല്പിക്കപ്പെട്ടത്.

1998 ൽ രചിച്ച 'ധർമ്മസൂര്യൻ' എന്ന ഖണ്ഡകാവ്യത്തിൽ മഹാത്മജിയുടെ ജീവിതപൂർവ്വാർധസംഭവങ്ങൾ 20 അദ്ധ്യായങ്ങളിലായി വർണിച്ചിരിക്കുന്നു. 'ഇദം ന മമ' എന്ന യജ്ഞസങ്കല്പത്തിന്നനുഗുണമായി സ്വജീവിതത്തെ രൂപപ്പെടുത്തിയ മഹാപുരുഷന്റെ സ്മരണയ്ക്ക് അർപ്പിച്ച ഒരു പുഷ്പാഞ്ജലിയാണത്. 5 ഖണ്ഡകാവ്യങ്ങളുടേയും (ദേശസേവിക, ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം, ബലിദർശനം, കുതിർന്നമണ്ണ്, ധർമ്മസൂര്യൻ)'ഒരു കുടന്ന നിലാവ്' എന്ന നാടകീയകാവ്യത്തിന്റേയും അഞ്ഞൂറ്റിഅമ്പതോളം ചെറുകവിതകളുടേയും ഒരു സമാഹാരമാണ് ഈ ബൃഹത്തായ ഗ്രന്ഥം. എത്രയോ യജ്ഞങ്ങൾ ചെയ്ത് മഹാബലിയായിത്തീരാനിച്ഛിച്ചു പ്രവർത്തിച്ചവരെ അവഗണിക്കുകയും,

''...മറ്റുള്ളവർ തൻ കശേരു നാ–
മാസ്ഥികൾ തുളച്ചോടക്കുഴൽ വായിച്ചാലവ–
നുത്തമൻ; അവന്റെ പാദാരവിന്ദത്തെസ്സർവ–
മർത്ത്യരും ലാംഗൂലങ്ങൾ ചുരുക്കിപ്പൂജിക്കുന്നു''

എന്ന് 'ബലിദർശന'ത്തിൽ കവി നിരീക്ഷിച്ചതുപോലെ പരദ്രോഹത്തിൽ മുഴുകിയവരെ വാഴ്ത്തുകയും ചെയ്യുന്ന ലോകത്ത് ഒരു ബലികവിയുടെ വാങ്മയയജ്ഞങ്ങൾക്ക് അർഹിക്കുന്ന ആദരം ലഭിച്ചെന്നുവരില്ല. പക്ഷേ ''സർവാത്മസംവേദനം സാധിക്കുന്ന ഭൂതകാരുണ്യ''ത്തിന്റെ മന്ത്രബലം നേടിയവർക്ക് കൃതകൃത്യതയ്ക്കു മറ്റൊന്നും വേണ്ട. ആ ഭൂതകാരുണ്യം, ഒരാളെ കവിത്വത്തിലേക്കുയർത്തുന്ന ഒന്നാംധർമ്മമായ രുദിതാനുസാരിത്വം, ഉള്ളിലുറവയായി വറ്റാതെവർത്തിക്കുന്നുവെന്നതാണ്

അക്കിത്തത്തിന്റെ കവിതക്ക് മറ്റുള്ളവർ കാണുന്നതും കാണേണ്ടതുമായ ഊറ്റം. പുഴയുടെ ഒഴുക്കിന്നൊത്ത് ഉരുണ്ടുരഞ്ഞ് കഴമുഴകളെല്ലാം തേഞ്ഞരഞ്ഞ് മിനുസപ്പെട്ട ഒരു പാറക്കല്ല് അലക്കുകാരന്റെ അലക്കുകല്ലായിത്തീരുന്നു. മറ്റൊന്ന് അനന്തപത്മനാഭസ്വാമിയുടെ വിഗ്രഹമാകുന്നു. കൃഷ്ണശിലാപ്രപഞ്ചത്തിലെ കൂടപ്പിറപ്പുകൾ; എന്നിട്ടും, ഒന്നിന്റെ പുറത്ത് ആളുകൾ വിഴുപ്പലക്കുന്നു; മറ്റൊന്ന് പൂജാവിഗ്രഹമായിത്തീരുന്നു – തല്ല് ഏറ്റുവാങ്ങിയാലും അലക്കുകാരന്റെ വസ്ത്രങ്ങൾ ശുഭ്രമാക്കി ക്കൊടുക്കുന്നുവെന്ന പ്രയോജനത്തിൻ പേരിൽ അലക്കുകല്ലിന്റെ ചരിതാർത്ഥതയ്ക്ക് നാവുകൊടുക്കാൻ അക്കിത്തത്തിന്റെ കവിത സന്നദ്ധമാണ്. മലയാളത്തിലെ ചില വലിയ പൂജകളൊക്കെ അക്കിത്തത്തിനെ അറിയാതിരുന്നതും, ‘ഇതിഹാസ’ത്തിൻ പേരിലും മറ്റും അദ്ദേഹത്തിന്റെ കവിതയ്ക്ക് അലക്കുകല്ലിനെപ്പോലെ അടികൊള്ളേണ്ടിവന്നതും, വൈരുദ്ധ്യപൂർണമായ വിധിവിലാസമാണെങ്കിലും കൊടിയ സന്താപത്തിന്റേയും നെടിയ സഹതാപത്തിന്റേയും കണ്ണീരിലുരുകിയുറച്ച ശൈലദൃഢത അദ്ദേഹത്തിന്റെ യജ്ഞദർശനത്തിന്നുണ്ട്. കണ്ണീരു വെണ്ണക്കല്ലായി ഈ കവിതാ സമുച്ചയത്തിലുറഞ്ഞുകൂടിയിരിക്കുന്നു.